# ദി ഡിഫെൻഡർ

Vol. No. 12 Issue No. 23 RNI Reg. No. 68089 / 97 Published From Perumbavoor 2009 December 1 Price: Rs.100/- P.A.


# ഐ.പി.സി: അണികൾ അസംതൃപ്തർ

ഐ.പി.സിയിലെ പ്രശ്നം തീർത്തതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പുതിയ പ്രശ്നങ്ങൾക്കു വഴിവച്ചിരിക്കയാണ്. അണികളുടെ വികാരം കണക്കിലെടുക്കാതെ ഇരുപക്ഷവും തന്നിഷ്ടപ്രകാരം പ്രവർത്തിച്ചതാണ് പ്രശ്നത്തിനു കാരണമായിരിക്കുന്നത്.

സ്റ്റേറ്റ് കൗൺസിൽ ഇലക്ഷനിൽ മത്സരിച്ച എം.പി.ജോർജുകുട്ടി വിഭാഗത്തിന് കെ.സി.ജോണിന്റെ പിൻതുണയുണ്ടായിരുന്നു. അതുകൊണ്ടു ഫിലിപ്പ് പി തോമസിന്റെ പാനൽ കെ.സി വിരുദ്ധരുടെ പാനലായി അറിയപ്പെട്ടു. സ്റ്റേറ്റ് പ്രസിഡന്റായ കെ.എം.ജോസഫിന്റെ പിൻതുണ എം.പി.ജോർജ്കുട്ടി വിഭാഗത്തിനാണു ലഭിച്ചത്. പക്ഷേ പ്രതീക്ഷക്കു വിരുദ്ധമായി ഫിലിപ്പ് പി തോമസ് വിജയിച്ചപ്പോൾ കെ.എം.ജോസഫ് നിരാശനായി. ഫിലിപ്പ് പി തോമസും കൂട്ടരും യഥാസമയം ചാർജ് എടുക്കുന്നതു തടയാൻ പോലും കെ.എം.ജോസഫ് ശ്രമിച്ചു. ഈ ശീതസമരത്തിന്റെ ഫലമായാണ് ആദ്യ സ്റ്റേറ്റ് കൗൺസിൽ മീറ്റിംഗിൽ കെ.എം.ജോസഫിനെതിരെ അതിരുകടന്ന പരാമർശങ്ങളുണ്ടായത്. അതിനുശേഷം നാളിതുവരെ സ്റ്റേറ്റ് കൗൺസിൽ മീറ്റിംഗ് നടന്നിട്ടുമില്ല.

സ്റ്റേറ്റ് പ്രസ്ബിറ്ററിയിലേക്കു തെരഞ്ഞെടുക്കപ്പെട്ട സാംകുട്ടിജോണിന്റെ വിവാഹം വചനവിരുദ്ധമായാണു നടന്നിട്ടുള്ളതെന്നും അതുകൊണ്ട് സാംകുട്ടി ജോണിനെ പ്രസ്ബിറ്ററിയിൽ നിന്നു പുറത്താക്കണമെന്നും ഫിലിപ്പ് പി തോമസ് ആവശ്യപ്പെട്ടതാണു മറ്റൊരു പ്രശ്നം. ഈ വിഷയം പ്രസ്ബിറ്ററിയിൽ ഒച്ചപ്പാടിനു കാരണമാകുകയും സാംകുട്ടി ജോണിനു കാരണം കാണിക്കൽ നോട്ടീസ് കൊടുക്കുന്നിടം വരെ എത്തുകയും ചെയ്തു. ഇതോടുള്ള ബന്ധത്തിലാണ് കാവിയറ്റ് കേസ്സ്, കള്ളഒപ്പു കേസ്സ്, സീൽ മോഷണക്കേസ്സ്, പുറത്താക്കൽ നിരോധന കേസ്സ്, പോലീസ് സംരക്ഷണക്കേസ്സ് തുടങ്ങിയതൊക്കെ ഉണ്ടായത്. ഇവയിൽ ഫിലിപ്പ് പി തോമസ് പ്രത്യക്ഷമായോ പരോക്ഷമായോ പ്രതിസ്ഥാനത്തുവന്നു. വിവിധ പോലീസ് സ്റ്റേഷനുകളിലും കോടതികളിലും ഫിലിപ്പ് പി തോമസ് പോകേണ്ടതായും വന്നു. കേസ്സുകൾ നടത്തി പരിചയമില്ലാത്ത ഫിലിപ്പ് പി തോമസ് ഭയപ്പെട്ടതു സ്വാഭാവികം. ഈ അവസരം കെ.സി.ജോൺ മുതലെടുത്തു.

ചില വർഷങ്ങൾക്കു മുൻപു കെ.സി.ജോണിനെതിരെ മത്സരിച്ചിട്ടുള്ള ആളാണു ഫിലിപ്പ് പി തോമസ്. കെ.സി.ജോണിനെ നിരന്തരം എതിർക്കുന്ന വ്യക്തി എന്ന നിലക്കാണു ജനം ഫിലിപ്പ് പി തോമസിനെ കാണുന്നതും. അതുകൊണ്ടു ഫിലിപ്പ് പി തോമസ് സ്റ്റേറ്റ് സെക്രട്ടറി സ്ഥാനത്തു വരുന്നതു തടയാൻ കെ.സി. ജോൺ പരമാവധി ശ്രമിച്ചെങ്കിലും വിജയിച്ചില്ല. ഫിലിപ്പ് പി തോമസ് നേതൃത്വം ഏറ്റെടുത്തതോടെ സ്റ്റേറ്റ് ഭരണം കുട്ടിച്ചോറായി എന്നു വരുത്തിത്തീർക്കാനായി പിന്നീടു കെ.സി.ജോണിന്റെ ശ്രമം. അതിൽ കെ.സി.ജോൺ വലിയൊരളവു വിജയിക്കുകയും ചെയ്തു. അങ്ങനെ കാര്യങ്ങളാകെ കുഴഞ്ഞു മറിഞ്ഞപ്പോഴാണു സമാധാനത്തിന്റെ സന്ദേശവുമായി ടി.എസ്.ഏബ്രഹാം രംഗപ്രവേശം ചെയ്തത്. വൽസനിലൂടെ പ്രശ്നം പരിഹരിക്കുക എന്നതായിരുന്നു ടി.എസ്.ഏബ്രഹാമിന്റെ പദ്ധതി. നവംബർ 24ന് വൽസനോടു കുമ്പനാട്ടെത്താൻ ടി.എസ് ആവശ്യപ്പെട്ടു. 25ന് ഉലക സമാധാനത്തിനായി പ്രാർത്ഥനായജ്ഞവും പ്രഖ്യാപിച്ചു. ഈ പ്രാർത്ഥനയ്ക്കു ശേഷം പ്രശ്നം പരിഹരിക്കപ്പെട്ടാൽ മാനവും മഹത്വവും വൽസനു ലഭിക്കും. കെ.സി.ജോണിന്റെ മഹത്വം പൊയ്പ്പോകുകയും ചെയ്യും. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയ കെ.സി.ജോൺ ഒരുമുഴം നീട്ടിയെറിഞ്ഞു. ഫിലിപ്പ് പി തോമസിനെ പെരുമ്പാവൂരിലെത്തിച്ച് കെ.എം.ജോസഫുമായി സന്ധി ചെയ്യിച്ചു. അതു കഴിഞ്ഞ് രണ്ടാംനിര നേതാക്കൻമാരേയും മറ്റു പ്രശ്നക്കാരേയും പവ്വർ വിഷന്റെ ഓഫീസിൽ വിളിച്ചുവരുത്തി സമാധാനമുണ്ടാക്കി. മീറ്റിംഗിനുശേഷം എല്ലാവരും എലൈറ്റ് ഹോട്ടലിൽ ഈറ്റിംഗും നടത്തി പിരിഞ്ഞു. ഈ മീറ്റിംഗുകൾ കുമ്പനാട്ടാണു നടന്നതെങ്കിൽ അല്പം മഹത്വം ടി.എസ്സിനും വൽസനും കിട്ടുമായിരുന്നു. അതുകൊണ്ടു പ്രശ്നങ്ങളൊന്നും കുമ്പനാട്ടു വച്ചു പരിഹരിച്ചതേയില്ല.

പ്രശ്നങ്ങളൊക്കെ പരിഹരിച്ചു കഴിഞ്ഞപ്പോഴാണ് ഇരുപക്ഷത്തുമുള്ള അണികൾ ഇടഞ്ഞത്. പ്രശ്നമുണ്ടായപ്പോൾ നേതാക്കൻമാരോടൊപ്പം ഇവർ പാറപോലെ ഉറച്ചുനിന്നു. അത്യുഗ്രമായി പോരാടി. പക്ഷേ പ്രശ്നം പരിഹരിക്കുന്ന വിവരം പോലും അവരറിഞ്ഞില്ല, ആരും അറിയിച്ചില്ല. പ്രശ്നം പരിഹരിച്ചശേഷവും അവരെ ഔദ്യോഗികമായി അറിയിച്ചില്ല. പ്രശ്നമുണ്ടായപ്പോൾ അവരെ വേണമായിരുന്നു. പക്ഷേ പ്രശ്നം തീർന്നതോടെ അവർ അധികപ്പറ്റായി, വെറും കറിവേപ്പിലകളായി. (കൊള്ളാമല്ലോ.) അങ്ങനെ അണികൾ ചൂടായി നിൽക്കുകയാണ്. പേടിക്കേണ്ട, ഇത് ഐ.പി.സിയാണ്. മലപോലെ വരുന്നത് പുകപോലെയാകും. ഒരു ചുക്കും സംഭവിക്കില്ല.

ഇതൊക്കെ കണ്ടു നിന്ന ഡിഫെൻഡറിനു ചിലതൊക്കെ ചോദിക്കാനുണ്ട്:

1. യഥാർത്ഥത്തിൽ എന്തിനുവേണ്ടിയായിരുന്നു ഈ ബഹളമൊക്കെ ഉണ്ടാക്കിയത്? വ്യക്തമായ ലക്ഷ്യങ്ങളുണ്ടായിരുന്നോ?
2. ഉണ്ടായിരുന്നു എന്നാണ് ഉത്തരമെങ്കിൽ ആ ലക്ഷ്യങ്ങൾ നേടിയെടുത്തശേഷമാണോ പോരാട്ടം അവസാനിപ്പിച്ചത്?
3. ഈ പോരിലൂടെ ആരൊക്കെ എന്തൊക്കെ നേടി?
4. മോഷണം പോയ സീല് കണ്ടു കിട്ടിയോ? കിട്ടിയെങ്കിൽ എവിടെ നിന്ന്? എങ്ങനെ കിട്ടി?
5. ആരാണു കാവിയറ്റിൽ കള്ള ഒപ്പിട്ടത്? കള്ളയൊപ്പിട്ട വ്യക്തിക്കു ശിക്ഷ കൊടുക്കുന്നുണ്ടോ?
6. സാംകുട്ടി ജോണിന്റെ വിവാഹം വചനവിരുദ്ധമാണെന്നായിരുന്നല്ലോ വാദം. ആ പ്രശ്നം എങ്ങനെയായി? വിവാഹം സാധുവായോ? ഇത്തരം വിവാഹങ്ങൾ ഇനി മറ്റുള്ളവർക്കും നടത്താമോ?
7. ഐ.പി.സിയിലെ പ്രശ്നങ്ങൾ കുമ്പനാട്ടുവച്ചു പരിഹരിക്കുന്നതിനു പകരം പെരുമ്പാവൂരിൽ വച്ചും പവ്വർ വിഷന്റെ ഓഫീസിൽ വച്ചും പരിഹരിച്ചതെന്തുകൊണ്ട്?
8. എം.പി.ജോർജ്കുട്ടിയുടെ പക്ഷത്തോ ഫിലിപ്പ് പി തോമസിന്റെ പക്ഷത്തോ ഉള്ള സാധാരണക്കാരെ അറിയിക്കാതെ അതീവ രഹസ്യമായി പ്രശ്നം പരിഹരിക്കാൻ കാരണമെന്ത്?
9. ഇലക്ഷനിൽ കള്ളവോട്ടുണ്ടായി എന്ന് എം.പി.ജോർജ്കുട്ടി, രാജു പൂവക്കാല, കെ.ടി. ജോഷ്വ എന്നിവർ എഴുതി കൊടുത്തിരുന്നല്ലോ. ആ പരാതിയുടെ ഗതി എന്തായി?
10. എന്തൊക്കെ രഹസ്യ ധാരണകളും പങ്കുവയ്ക്കലുകളുമാണ് സാധാരണക്കാരായ വിശ്വാസികളറിയാതെ നേതാക്കൻമാർ ഉണ്ടാക്കിയിട്ടുള്ളതെന്നു തുറന്നു പറയാമോ?

## സ്റ്റാൻലി ജോർജ് രാജിവയ്ക്കണം



ഐ.പി.സി ജനറൽ കൗൺസിൽ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്റ്റാൻലി ജോർജ് അത്തരമൊരു പദവിയിലിരിക്കാൻ യോഗ്യനല്ല. അതുകൊണ്ട് ഡിസംബർ 10ന് അകമായി രാജിവയ്ക്കണം. ഈ വിഷയം സംബന്ധിച്ചു ഡിഫെൻഡർ സ്റ്റാൻലി ജോർജിന് അയച്ച ഈമെയിലിൽ നവംബർ 25ന് അകമായി രാജിവയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. അതനുസരിച്ചു രാജി വച്ചിരുന്നെങ്കിൽ കാര്യങ്ങൾ പൊതുജനമറിയുന്നത് ഒഴിവാക്കാമായിരുന്നു. അതിനുള്ള ബുദ്ധി സ്റ്റാൻലി ജോർജിനുണ്ടായില്ല. അതുകൊണ്ട് ഈ ആവശ്യം പരസ്യമായി ഉന്നയിക്കുകയാണ്. ഡിഫെൻഡർ എന്തുകൊണ്ട് ഇത്തരമൊരു ആവശ്യം ഉന്നയിക്കുന്നു എന്നു സംശയിക്കുന്നവരുണ്ടാകാം. തക്കതായ കാരണമുണ്ട് എന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളൂ. ഡിസംബർ 10ന് അകമായി സ്റ്റാൻലി ജോർജ് രാജി വച്ചില്ലെങ്കിൽ ഡിസംബർ 16ന് ഇറങ്ങുന്ന ഡിഫെൻഡറിൽ എല്ലാം വിശദമായി എഴുതുന്നതാണ്. അതോടെ സ്റ്റാൻലി ജോർജിന്റെ തനിനിറം പൊതുജനം കാണും.

# ഡിഫെൻഡർ 13–ാം വയസ്സിലേക്ക്

ഡിഫെൻഡർ 13–ാം വയസ്സിലേക്കു കടക്കുകയാണ്. 1997 ഡിസംബറിലാണ് ഡിഫെൻഡറിന്റെ ആദ്യലക്കം പുറത്തു വന്നത്. അതുകൊണ്ട് ഈ ലക്കത്തോടെ 12 വർഷം തികയ്ക്കുകയാണ്. ദൈവകൃപ ഒന്നുകൊണ്ടു മാത്രമാണ് പിടിച്ചു നിൽക്കാൻ കഴിഞ്ഞത് എന്ന വസ്തുത പ്രാരംഭത്തിൽ തന്നെ വ്യക്തമാക്കട്ടെ. ഡിഫെൻഡർ അനുഭവിച്ചത്ര പ്രതികൂലം മറ്റൊരു പെന്തക്കോസ്ത് പത്രവും അനുഭവിച്ചിട്ടില്ല. കേസ്സുകളുടെ ഒരു പരമ്പര തന്നെ ഡിഫെൻഡറിനെതിരെ ഉണ്ടായി. രണ്ടുവട്ടം ഡൂപ്ലിക്കേറ്റ് ഇറങ്ങുക വരെ ചെയ്തു. ഭീഷണി, അസഭ്യവർഷം, അപവാദ പ്രചരണം, ജയിൽ തുടങ്ങി പലതും സഹിച്ചു. പക്ഷേ ഇന്നും ഡിഫെൻഡർ നിലനിൽക്കുന്നു.

മാസത്തിൽ ഒരിക്കൽ വെറും നാലു പേജ് എന്ന ക്രമത്തിലാണ് ആദ്യത്തെ അഞ്ചു വർഷം ഡിഫെൻഡർ പ്രസിദ്ധീകരിച്ചത്. പക്ഷേ ഇപ്പോൾ അതല്ല സ്ഥിതി. രണ്ടാഴ്ചയിൽ ഒരിക്കൽ എട്ടു പേജ് എന്നതാണ് ഇപ്പോഴുള്ള സ്ഥിതി. മാസത്തിൽ 16 പേജ്. ആദ്യകാലങ്ങളിൽ തികച്ചും സൗജന്യമായാണു ഡിഫെൻഡർ വായനക്കാരുടെ കൈകളിൽ എത്തിയത്. പക്ഷേ പേജുകളുടെ എണ്ണം കൂട്ടിയതോടെ വരിസംഖ്യ നിർബ്ബന്ധമാക്കേണ്ടതായിവന്നു. എങ്കിലും ഇന്റർനെറ്റിൽ പത്രം സൗജന്യമായി ലഭിക്കുന്നതാണ്.

ഡിഫെൻഡർ നിന്നു പോകാൻ ആഗ്രഹിക്കുന്നവരും പ്രാർത്ഥിക്കുന്നവരും ഏറെയുണ്ട്. ഡിഫെൻഡർ വായിച്ചാൽ നരകത്തിൽ പോകുമെന്നു ചിന്തിക്കുന്നവരും പ്രചരിപ്പിക്കുന്നവരും കുറവല്ല. പക്ഷേ ഡിഫെൻഡർ നശിച്ചുപോയില്ലെന്നു മാത്രമല്ല അനുദിനം വളരുകയും ചെയ്യുന്നു. സാത്താന്റെ ദാസൻമാർ സർവ്വ ശക്തിയും ഉപയോഗിച്ചു പോരാടിയിട്ടും ഡിഫെൻഡറിനെ തകർക്കാൻ കഴിഞ്ഞിട്ടില്ല.

ഡിഫെൻഡർ എന്നെന്നും നിലനിൽക്കുമെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. നാശമില്ലാത്തതു ദൈവത്തിനു മാത്രമാണ്. മറ്റുള്ളതെല്ലാം നശിക്കും. അതുകൊണ്ടു ഡിഫെൻഡറും നശിക്കാതെ പറ്റില്ല. ഡിഫെൻഡറിന്റെ നാശം എന്നാണുണ്ടാകുന്നതെന്നും ഏറെക്കുറെ പറയാനാവും: റ്റി.എസ്.ബാലൻ മരിച്ചു എന്ന വാർത്തയുമായി ഇറങ്ങുന്ന ഡിഫെൻഡറാകും അവസാനത്തെ ഡിഫെൻഡർ. ആസന്ന ഭാവിയിൽ അതു സംഭവിക്കുകയും ചെയ്യും. ചെകുത്താന്റെ ദാസൻമാർ ദയവായി ധൃതിവയ്ക്കരുത്.

കഴിഞ്ഞ പന്ത്രണ്ടു വർഷം കൊണ്ട് ഡിഫെൻഡർ എന്തു നേടി എന്ന ചോദ്യം പ്രസക്തമാണ്. ഒരു നേട്ടവും ഉണ്ടാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഡിഫെൻഡർ തികഞ്ഞ പരാജയമാണെന്നു പറയേണ്ടതായി വരും. പക്ഷേ ഒട്ടേറെ പരിവർത്തനങ്ങളുണ്ടാക്കാൻ ഡിഫെൻഡറിനു കഴിഞ്ഞിട്ടുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച് വിശദമായ വിലയിരുത്തൽ 4,7 പേജുകളിൽ വായിക്കാം.

## മെയിലിംഗ് ലിസ്റ്റ് പുതുക്കുന്നു

ഡിഫെൻഡറിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കുകയാണ്. കൃത്യമായി വരിസംഖ്യ നൽകാത്തവരെ ഒഴിവാക്കിയശേഷം പുതിയ മെയിലിംഗ് ലിസ്റ്റ് അനുസരിച്ചാകും ജനുവരി മുതൽ ഡിഫെൻഡർ അയയ്ക്കുക. ഈ വിഷയം സംബന്ധിച്ച് ആർക്കും കത്തയയ്ക്കുന്നതല്ല. ഡിഫെൻഡർ ഇൻർനെറ്റിൽ തികച്ചും സൗജന്യമായി വായിക്കാവുന്നതാണ്. ഈ സൗകര്യം പ്രയോജനപ്പെടുത്തുന്നവർ ദയവായി വിവരം അറിയിച്ചാൽ നിങ്ങളുടെ പേര് മെയിലിംഗ് ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതാണ്.

## പകൽക്കാലം

പണം കൊടുത്തു വോട്ടു വാങ്ങിയതും പണം വാങ്ങി വോട്ടു ചെയ്തതും തെറ്റാണെന്ന്....
രണ്ടു മൈനസു ചേർന്നപ്പം പ്ലസായില്ലേ.....



ദി ഡിഫെൻഡർ
Vol. No.12 Issue No.23 2009 December 1

# ധൈര്യവും വേണം സ്ഥൈര്യവും വേണം

ദുരുപദേശങ്ങൾ, ദുർന്നടപടികൾ തുടങ്ങിയവയ്ക്കെതിരെ പോരാടുക എന്നത് ഏതു ദൈവദാസന്റേയും കടമയാണ്. പക്ഷേ എല്ലാവർക്കും ചെയ്യാനാവുന്നതല്ല ഈ പോരാട്ടം. വെടിയൊച്ച കേൾക്കുമ്പോൾ ഭയന്നു വിറയ്ക്കുന്നവൻ പട്ടാളക്കാരനാകാൻ യോഗ്യനല്ല. കള്ളനെ കാണുമ്പോൾ മുട്ടടിക്കുന്നവൻ പോലീസാകാനും പാടില്ല. ധൈര്യവും സ്ഥൈര്യവുമുള്ളവർ മാത്രമേ പോരാട്ടത്തിനിറങ്ങാവൂ. ആത്മീയ പോരാട്ടത്തിന്റെ കാര്യവും ഇങ്ങനെതന്നെ.

പാപത്തോടു പോരാടുന്നതിൽ പ്രാണത്യാഗത്തോളം എതിർത്തു നിൽക്കണം എന്നു ദൈവവചനം പറയുന്നു. പാപത്തോടു പോരാടുക എന്നതു തല പോകുന്ന കാര്യമാണ് എന്നത്രേ ഇതിൽ നിന്നു മനസ്സിലാക്കേണ്ടത്. സഹോദരന്റെ ഭാര്യയെ തട്ടിയെടുത്ത ഹേരോദാവിനെതിരെ പ്രതികരിച്ച യോഹന്നാന്റെ തല താലത്തിലായി. വരേണ്യവർഗ്ഗത്തിനെതിരെ പ്രസംഗിച്ച കർത്താവും സ്വന്തം ജീവൻ കൊണ്ടു മറുപടി പറയേണ്ടതായിവന്നു. പാപത്തിനെതിരേയും പാപികൾക്കെതിരേയും ശബ്ദമുയർത്തിയവരെല്ലാം വിവിധ തരത്തിലുള്ള കഷ്ടനഷ്ടങ്ങൾ അനുഭവിക്കേണ്ടതായി വന്നിട്ടുണ്ട്.

ഈ കാര്യങ്ങളൊക്കെ ഇപ്പോൾ പറയാൻ കാരണമുണ്ട്. വിശുദ്ധിയുടെ പേരു പറഞ്ഞു ചിലർ ഈയിടെ ഐ.പി.സിയിൽ കോലാഹലമുണ്ടാക്കി. അവരുടെ നിലപാടു ശരിയായിരുന്നോ എന്നതു ചർച്ച ചെയ്യപ്പെടേണ്ട വിഷയമാണ്. പക്ഷേ അവർ വചനാനുസൃതമായ നിലപാടാണു സ്വീകരിച്ചത് എന്നു സങ്കല്പിച്ചുകൊണ്ടു മുൻപോട്ടുപോകാം. ഉപദേശ വിശുദ്ധി കാത്തുസൂക്ഷിച്ചേ അടങ്ങൂ എന്ന വാശിയിൽ ഇറങ്ങിയ ഈ സംഘം ഇപ്പോൾ എവിടെ? ഉപദേശവും വേണ്ട, വിശുദ്ധിയും വേണ്ട എന്നു പ്രഖ്യാപിക്കുകയും അശുദ്ധരെന്ന് ഇവർ മുദ്രകുത്തിയവരെ കെട്ടിപ്പിടിച്ചു ചുംബിക്കയും ചെയ്യുന്നു. ഇതെന്തു മറിമായം? ഇതു മറിമായമല്ല ഭയമായമാണ്, ഭയന്നു വിറച്ചതുമൂലമുണ്ടായ വ്യത്യാസമാണ്. വിശുദ്ധിയെന്നും വേർപാടെന്നും മറ്റും പറഞ്ഞു കോലാഹലമുണ്ടാക്കിയാൽ പോലീസ് സ്റ്റേഷനിലും കോടതിയിലും മറ്റും കയറേണ്ടതായി വരുമെന്നു തെളിഞ്ഞു. അതോടെ ആദർശം തോട്ടിലെറിഞ്ഞ് അശുദ്ധരെ പുണർന്നു. പെന്തക്കോസ്ത് നന്നാകാത്തതിന്റെ കാരണം മനസ്സിലായോ? ഗോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അതിനു ഫലം കൊടുക്കാൻ കഴിയുന്നതല്ല. ധൈര്യവും സ്ഥൈര്യവുമില്ലാത്തവർ പോരിനിറങ്ങരുത്.

# സത്യം സത്യമായി

കോടിക്കണക്കിനു രൂപ ചെലവഴിച്ച് കമ്മീഷൻ 17 കൊല്ലം അന്വേഷണം നടത്തി 68 കുറ്റവാളികളെ കണ്ടെത്തി. എന്നിട്ടോ? എന്നിട്ട് ഒന്നുമില്ല. റിപ്പോർട്ട് മേശപ്പുറത്തിരിക്കട്ടെ, കുറ്റവാളികൾ അവരുടെ പാട്ടിനു പോകട്ടെ, ശുഭം. എന്താ കാര്യം? പ്രതിസ്ഥാനത്തുള്ളവരെല്ലാം ഉന്നതൻമാരാണ്. അവരെ തൊട്ടാൽ വിവരമറിയും. വല്ല അത്താഴപ്പട്ടിണിക്കാരനുമായിരുന്നു പ്രതിയെങ്കിലോ? അപ്പോൾ കാണാമായിരുന്നു സർക്കാരിന്റെ ചുണ.

കാസർകോടു വെടിവയ്പ്പിനേക്കുറിച്ചും ഇതുപോലൊരന്വേഷണം നടത്താൻ പോകുന്നത്രേ. എന്തിനാണാവോ! വെറുതെ കുറെ പണം ആ വകയിലും പൊടിക്കാമെന്നല്ലാതെ ഒരു ഫലവും ഉണ്ടാകാൻ പോകുന്നില്ല. വർഷങ്ങൾ നീളുന്ന അന്വേഷണം കഴിഞ്ഞു കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കും. അപ്പോഴേക്കും ഈ സംഭവമൊക്കെ എല്ലാവരും മറന്നു കഴിഞ്ഞിരിക്കും. റിപ്പോർട്ട് ഏതെങ്കിലും അലമാരയിൽ വച്ചു പൂട്ടുന്നതോടെ ആ കഥ തീരും. ഇങ്ങനെ എത്രയെത്ര അന്വേഷണം കഴിഞ്ഞു. എത്ര റിപ്പോർട്ടുകളാണു തുറന്നു നോക്കാൻ പോലും ആളില്ലാതെ അലമാരകളിൽ ഇരിക്കുന്നത്. എന്നിട്ടും നാം പാഠം പഠിച്ചിട്ടില്ല. എന്തെങ്കിലുമൊരു ദുരന്തമുണ്ടായാലുടൻ ഏവരും മുറവിളികൂട്ടും: വേണം ജുഡീഷ്യൽ അന്വേഷണം. അതിനു സിറ്റിംഗ് ജഡ്ജി തന്നെ വേണം. ശരിക്കൊന്ന് ഇരിക്കാൻ പോലും നേരമില്ലാത്തത്ര തിരക്കുള്ള ജഡ്ജിമാരെ കമ്മീഷനെന്നു പറഞ്ഞു മിനക്കെടുത്തണമെന്നു ചുരുക്കം. ഏതായാലും ഇപ്പോൾ ഹൈക്കോടതി ഈ പാഴ്‌വേലയ്ക്കു കൂട്ടു നിൽക്കുന്നില്ല. അന്വേഷണ കമ്മീഷനാകാൻ സിറ്റിംഗ് ജഡ്ജിമാരെ വിട്ടുകൊടുക്കില്ല എന്ന നിലപാടു സ്വീകരിച്ചിരിക്കയാണ്. പെൻഷൻ പറ്റിയ ജഡ്ജിമാരെയാണ് ഇപ്പോൾ കമ്മീഷനാക്കുന്നത്.

'നാളെയാണു നാളെ' എന്ന പരുവത്തിൽ മുരളിയുടെ കോൺഗ്രസ്സ് പ്രവേശനം നീളുകയാണ്. ഒരു നിശ്ചയമില്ലയൊന്നിനും എന്നാണല്ലോ ആശാൻ പറഞ്ഞുവച്ചിട്ടുള്ളത്. എങ്കിലും മടങ്ങിവരവ് ഇത്ര ബുദ്ധിമുട്ടുള്ളതാകുമെന്നു മുരളി സ്വപ്നം പോലും കണ്ടിരുന്നില്ല. ഇങ്ങനെയൊക്കെ വന്നു ഭവിക്കുമെന്ന് അറിഞ്ഞിരുന്നെങ്കിൽ തറവാടു വിടുമായിരുന്നില്ല. അകത്തുനിന്നു ഗ്രൂപ്പ് കളിക്കുക മാത്രമേ ചെയ്യുമായിരുന്നുള്ളൂ.

മുരളി ഇനി ഒരിക്കലും കോൺഗ്രസ്സിൽ കാലു കുത്താൻ ഇടയാകുകയില്ല എന്നൊന്നും പറയരുത്. കാരണം, കോൺഗ്രസ്സിൽ എന്തും നടക്കും. എത്ര വലിയ അച്ചടക്ക ലംഘനം നടത്തിയവനും ഒരുനാൾ മടങ്ങി വരാൻ കഴിയും. പൊതുജനമെന്ന കഴുതയുടെ മുൻപിൽ നിന്ന് ഇവരൊക്കെ ഘോരഘോരം പ്രസംഗിക്കും. എല്ലാം മറന്നു ജനം ഇവർക്കു വീണ്ടും വോട്ടു ചെയ്യും.

കേരളത്തിൽ ഭക്ഷ്യക്ഷാമമുണ്ടെന്നു പറയുന്നതു ശുദ്ധ അസംബന്ധമാണെന്നു ഭക്ഷ്യമന്ത്രി കണ്ടുപിടിച്ചിരിക്കുന്നു. സ്വന്തം അടുക്കളയിൽ മിന്നൽ പരിശോധന നടത്തി കാര്യങ്ങൾ നേരിട്ടു മനസ്സിലാക്കിയശേഷമാണു മന്ത്രി ഈ പ്രഖ്യാപനം നടത്തിയത്. മന്ത്രിയുടെ അടുക്കളയിൽ ഒന്നിനും ഒരു ക്ഷാമവുമില്ല. ആർക്കും വേണ്ടാത്തതുകൊണ്ടു പച്ചക്കറികൾ ചീഞ്ഞുതുടങ്ങിയിരിക്കുന്നു. ക്ഷാമമില്ല എന്നതിന് ഇതിൽപ്പരം എന്തു തെളിവാണു വേണ്ടത്. പത്രക്കാർ മാത്രമാണ് വിലക്കയറ്റത്തേക്കുറിച്ചു പറഞ്ഞു കോലാഹലമുണ്ടാക്കുന്നത്. പൊതുജനം മിണ്ടുന്നതേയില്ല. ഇത്തരം ഒരു ഭക്ഷ്യമന്ത്രിയെ കേരളത്തിനു കിട്ടാൻ നാം എന്തു പുണ്യമാണാവോ ചെയ്തത്!

തിരുവല്ലയിലെ എലൈറ്റ് ഹോട്ടലിനു പെന്തക്കോസ്ത് ചരിത്രത്തിലുള്ള സ്ഥാനം നിസ്തുലമാണ്. പെന്തക്കോസ്ത് ചരിത്രത്തിന്റെ ഒരു പരിഷ്ക്കരിച്ച പതിപ്പു പുറത്തിറക്കാൻ ഇടയായാൽ സാജു എലൈറ്റിന്റെ കാര്യം തീർച്ചയായും എഴുതണം.

എന്താണു പറഞ്ഞു വരുന്നതെന്നു മനസ്സിലാകാത്തവർ കണ്ടേക്കാം. അങ്ങനെയുള്ളവരുടെ അറിവിലേക്കായി പറയട്ടെ: തിരുവല്ല കെ.എസ്.ആർ.റ്റി.സിക്കു സമീപമുള്ള ഒരു ഹോട്ടലാണ് എലൈറ്റ്. സാമാന്യം നല്ല ഒരു ഹോട്ടലാണിത്. പെന്തക്കോസ്തുമായി ബന്ധപ്പെട്ട ഭൂരിപക്ഷം തീരുമാനങ്ങളും ഈ ഹോട്ടലിൽ വച്ചാണ് എടുക്കുന്നത്. അഥവാ, പുറത്തെവിടെയെങ്കിലും വച്ചു തീരുമാനം എടുത്താലും ആ തീരുമാനം ഉറപ്പിക്കുന്നത് എലൈറ്റിൽ വച്ചു ശാപ്പാടു കഴിച്ചുകൊണ്ടാണ്. എന്തിനേറെ പറയുന്നു, വല്ല പെണ്ണുങ്ങളേയും കൈയിൽ കിട്ടിയാൽ അവരുമായി സ്വൈരസല്ലാപം നടത്തുന്നതിനായി കെ.സി.ജോൺ എത്തുന്നതുപോലും എലൈറ്റ് ഹോട്ടലിലാണ്. പരസ്പരം കടിച്ചു കീറുന്നത്ര വാശിയിൽ നിന്ന ഐ.പി.സി ശിങ്കങ്ങൾ ഈയിടെ കാര്യങ്ങളെല്ലാം പവ്വർ വിഷനിൽ വച്ചു പറഞ്ഞു തീർത്തശേഷം ചിക്കൻ കടിച്ചുകീറി സമാധാനം ഉറപ്പിച്ചതും എലൈറ്റിൽ വച്ചുതന്നെ. ഇപ്പോൾ പിടികിട്ടിയോ എലൈറ്റിന്റെ പ്രാധാന്യം?

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

ആകയാൽ നാമും സാക്ഷികളുടെ ഇത്ര വലിയൊരു സമൂഹം നമുക്കു ചുറ്റും നില്ക്കുന്നതുകൊണ്ടു സകല ഭാരവും മുറുകെ പറ്റുന്ന പാപവും വിട്ടു നമുക്കു മുമ്പിൽ വെച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിക്കുവാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊള്ളുവിൻ. പാപത്തോടു പോരാടുന്നതിൽ നിങ്ങൾ ഇതുവരെ പ്രാണത്യാഗത്തോളം എതിർത്തുനിന്നിട്ടില്ല. (എബ്രാ. 12: 1-4).

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:* **www.tsbalan.com**
**OR www.tsbalan.org**

**വ്യാജൻമാരെ തിരിച്ചറിയുക: http://fraud.name**

ബൈബിൾ റേഡിയോ
**www.thebibleradio.com**

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

## ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:

ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.

ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.

ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 96564 32921**

# ഒന്നാക്കൽ യജ്ഞവുമായി റോയി വർഗീസ് രംഗത്ത്



ഒന്നാക്കൽ യജ്ഞം എന്നൊരു പരിപാടിയേക്കുറിച്ചു കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കണം. ഭരിച്ചു ഭരിച്ചു സഭ പൊളിച്ച സകല പാസ്റ്റർമാർക്കും ഈ വിദ്യ പ്രയോഗിക്കാവുന്നതാണ്. സാൻ ഹൊസെയിലെ ഓപ്പൺ ബൈബിൾ ചർച്ചിന്റെ പാസ്റ്ററായ റോയി വർഗീസാണ് ഈ വിദ്യ കണ്ടുപിടിച്ചത്.

റോയിയുടെ സഭയിൽ ഏറെ വിശ്വാസികളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും ഉള്ള വിശ്വാസികൾക്കു നല്ല ജോലിയുണ്ടായിരുന്നതുകൊണ്ട് സഭക്കു നല്ല ഫണ്ടുണ്ടായിരുന്നു. അടുത്ത കാലത്ത് ഈ ഫണ്ടിൽ നിന്നു പണം മോഷ്ടിച്ച് മാത്യൂസ് ചാക്കോയ്ക്കു കൊടുത്തു റോയി ബഥനി അക്കാഡമിയുടെ പങ്കുകാരനായി. സംഭവം പുറത്തായതോടെ നിരവധി വിശ്വാസികൾ സഭ വിട്ടുപോയി. മാത്രമല്ല, സഭയുടെ പണം മോഷ്ടിച്ചതിനു കേസ്സും ഉണ്ടാകുമെന്ന സ്ഥിതി വന്നു. സഭയുടെ കമ്മറ്റി പിരിച്ചുവിട്ട് പുതിയ കമ്മറ്റി ഉണ്ടാക്കുകയാണ് റോയി ആദ്യമായി ചെയ്തത്. പുതിയ കമ്മറ്റിയിൽ സ്വന്തക്കാർക്കാണു ഭൂരിപക്ഷം. അങ്ങനെ, സഭാഫണ്ട് പ്രശ്നം പരിഹരിച്ചു. സഭയിൽ ആളില്ല എന്നതാണ് അടുത്ത പ്രശ്നം. അതിനെന്തു പോംവഴി? റോയിയുടെ കയ്യിലിരുപ്പു പരസ്യമായതുകൊണ്ട് പുതിയ വിശ്വാസികൾ സഭയിലേക്കു വരാനുള്ള സാദ്ധ്യതയില്ല. അങ്ങനെ തല പുകച്ചപ്പോൾ ഒരു വിദ്യ കിട്ടി. അതാണ് ഒന്നാക്കൽ പരിപാടി. സംഗതി സിമ്പിൾ:

റോയിയുടെ സഹോദരിക്ക് ഒരു വെളിപ്പാടു കിട്ടുന്നു: സാൻ ഹൊസെയിലുള്ള എല്ലാ സഭകളും ചേർന്ന് ഒരു സഭയാകണം. അതാണു ദൈവത്തിന്റെ ഇഷ്ടം. അതുകൊണ്ടു മറ്റു സഭകളെല്ലാം പിരിച്ചുവിടണം. എന്നിട്ട് എല്ലാവരും റോയിയുടെ സഭയിൽ ചേരണം. അങ്ങനെ റോയിയുടെ സഭ സാൻ ഹൊസെയിലെ ഏകസത്യ സഭയാകും.

റോയിയുടെ 'പുത്തി' കൊള്ളാം. പക്ഷേ സാൻ ഹൊസെയിലുള്ളവരെല്ലാം കഴുതകളാണെന്നാണു റോയി കരുതുന്നതെങ്കിൽ റോയിക്കു തെറ്റി.

# മോഷണായി പറയുന്നതു പച്ചക്കള്ളം

ഗ്രഹാം സ്റ്റെയിൻസിന്റെ ഘാതകനായ ധാരാസിംഗ് വിശ്വാസസ്നാനം സ്വീകരിച്ചു എന്നു മോനായി പറയുന്നതു പച്ചക്കള്ളമാണ്. മോനായിയുടെ പത്രമായ സുഭാഷിതത്തിന്റെ നവംബർ ലക്കം ആദ്യ പേജിൽ "ഒടുവിൽ ധാരാസിംഗും വിശ്വാസപാതയിൽ" എന്ന തലക്കെട്ടോടെ അഞ്ചു കോളം വാർത്തയാണു നൽകിയിരിക്കുന്നത്. ധാരാസിംഗ് 2009 നവംബർ 14ന് ബിഷപ്പ് ജോനാഥാന്റെ കൈക്കീഴിൽ വിശ്വാസസ്നാനം സ്വീകരിച്ചത്രേ. ബിഷപ്പ് ജോനാഥാനുമായി റ്റി. എസ്.ബാലൻ ഫോണിൽ സംസാരിക്കുകയും അദ്ദേഹം ധാരാസിംഗിനെ കണ്ടിട്ടുപോലുമില്ലെന്ന് ഉറപ്പാക്കുകയും ചെയ്തു. പക്ഷേ പത്രപ്രവർത്തനം പഠിപ്പിക്കാൻ സ്ക്കൂൾ നടത്തുന്നു എന്നവകാശപ്പെടുന്ന മോനായിക്ക് ഇത്തരമൊരു ഹിമാലയൻ ഭോഷ്ക്ക് പത്രത്തിൽ അടിച്ചുവിടാൻ ശങ്ക തോന്നിയില്ല. മറ്റൊരു തൊഴിലും കിട്ടാതായപ്പോൾ പത്രപ്രവർത്തനത്തിനിറങ്ങിയ മോനായി പെന്തക്കോസ്തിന്റെ ശാപമാണ്. ഈ നീചനെ ഇനിയെങ്കിലും ദൈവജനം തിരിച്ചറിയണം.




# മത്തങ്ങാ വീരനാണേ



മത്തങ്ങാ തോമസ്കുട്ടിയേക്കുറിച്ച് ഈയിടെ ഡിഫെൻഡർ ഒരന്വേഷണം നടത്തി. ഇവൻ കള്ളനാണെന്ന് അറിയാമായിരുന്നു. പക്ഷേ എത്രത്തോളം വലിയ കള്ളനാണിവൻ എന്നു കണ്ടെത്താനാണ് അന്വേഷണം നടത്തിയത്. ലഭിച്ച വിവരങ്ങൾ തികച്ചും അവിശ്വസനീയമാണെന്നു പറയാതെവയ്യ. പെന്തക്കോസ്തുകാരനെന്നല്ല, മനുഷ്യനായി പിറന്ന ഒരുത്തനും ചെയ്യാൻ സാദ്ധ്യതയില്ലാത്തത്ര ഹീനകൃത്യങ്ങളാണ് ഇവൻ ചെയ്തുകൂട്ടിയിട്ടുള്ളത്. ഇങ്ങനെയുള്ള ഒരുവൻ കുറച്ചു കാലം പാസ്റ്ററായിരുന്നു എന്നതും ശ്രദ്ധേയമാണ്. ഇവനെ റാന്നിയിലുള്ള ഒരു സഭക്കാരും സ്വീകരിക്കാൻ തയ്യാറാകാത്തതിന്റെ രഹസ്യവും പിടികിട്ടി.

ഇവൻ ചെയ്തുകൂട്ടിയിട്ടുള്ള ഹീനകൃത്യങ്ങളേക്കുറിച്ച് എഴുതിയാൽ അതെഴുതുന്ന കടലാസ് പോലും നാറും. അതുകൊണ്ട് അതൊന്നും തത്ക്കാലം എഴുതുന്നില്ല. പക്ഷേ ഇവൻ മുറത്തിൽ കയറി കൊത്തിയാൽ എല്ലാം തുറന്നെഴുതുകയും ചെയ്യും. എന്തു വേണമെന്നു തോമസ്കുട്ടി തന്നെ തീരുമാനിക്കട്ടെ.

# കണക്കെവിടെ?

കേരളത്തിലെ ആദ്യകാല പെന്തക്കോസ്ത് സഭകളിൽ ഒന്നാണ് മാവേലിക്കരയിലെ എ.ജി സഭ. പഴയ കെട്ടിടത്തിന്റെ സ്ഥാനത്ത് അഞ്ചു നിലയുള്ള ഒരു കെട്ടിടം നിൽക്കുന്നതായി സഭാശുശ്രൂഷകൻ സ്വപ്നം കണ്ടതനുസരിച്ച് സഭാഹാൾ പൊളിച്ചു വിറ്റ് പുതിയ ഹാളിന്റെ പണി തുടങ്ങി. പണി പുരോഗമിക്കുന്നതിനിടയിൽ പാസ്റ്റർമാർ മാറിമാറി വന്നു. ഇപ്പോൾ തറനിരപ്പിൽ നിന്നു താഴെ കാർ പാർക്കിംഗിനുള്ള സജ്ജീകരണം തയ്യാറായി. അവിടെയാണ് ഇപ്പോൾ ആരാധന നടക്കുന്നത്.

ഇത്രയുമൊക്കെ ആയപ്പോൾ ഒരു പ്രശ്നം: നാളിതുവരെയുള്ള കണക്കു ചോദിച്ചിട്ട് ഭാരവാഹികൾക്കു മറുപടിയില്ല. കണക്കു കൊടുക്കാതെ സെക്രട്ടറി സൗദിയിൽ ജോലിക്കു പോകുകയും ചെയ്തു. പഴയ ഹാൾ വിറ്റ വകയിലും അടിത്തറ തോണ്ടി മണ്ണെടുത്ത വകയിലും എത്ര കിട്ടി? സംഭാവനയായി കിട്ടിയതെത്ര? എത്ര രൂപ ചെലവായി(ൽ) പോയി? എന്തിനൊക്കെയാണു പണം ചെലവഴിച്ചത്? കണക്ക് ഓഡിറ്റ് ചെയ്യുന്നതിന് എന്താണു തടസ്സം? ഈ ചോദ്യങ്ങൾക്കൊന്നും മറുപടിയില്ല. അഞ്ചു നിലയും പണിതു കഴിഞ്ഞേ കണക്കു പറയൂ എന്നാണു ഭാരവാഹികൾ ശഠിക്കുന്നത്. ഇക്കണക്കിനു പോയാൽ ഡിഫെൻഡറിനു പണിയാകുമെന്നു തീർച്ച.

# മദ്യവും മദിരാശിയും



സൂസൻ ബി ജോൺ എന്ന ഗാനകോകിലം ഈയിടെ സാലി മോനായി എന്ന ഉത്തമ സ്ത്രീയുടെ മാസികയിൽ എഴുതിയ വിശ്വമഹാകാവ്യത്തിലെ നാലു വരികളാണ് താഴെ കൊടുത്തിരിക്കുന്നത്. സംഗതി അച്ചടിപ്പിശകാണെന്നും മറ്റും പറഞ്ഞ് തടിതപ്പാൻ പറ്റില്ല. കാരണം, രണ്ടു വർഷം മുൻപ് സൂസൻ ബി ജോൺ മറ്റൊരു പ്രസിദ്ധീകരണത്തിലും 'മദ്യവും മദിരാശിയും' എന്ന് എഴുതിയിരിരുന്നു. വ്യാകരണപ്പിശക് ഉൾപ്പെടെ എല്ലാ വൈകൃതങ്ങളും നിറഞ്ഞ ഈ കവിതയിലെ ഏറ്റവും ഭീകരമായ ഭാഗമാണ് താഴെ കാണുന്നത്:

> രോഗവും, ദുഃഖവും പ്രശ്നങ്ങളാലും ശത്രു
> മാനവലോകത്തെ ഭീതിയിലാഴ്ത്തുന്നു
> മദ്യവും മദിരാശികളുടെ സുഖം, പിന്നെ-
> പകയും പിണക്കവും അസൂയയും പൂണ്ടു

'മദ്യവും മദിരാശികളുടെ സുഖം' തുടങ്ങിയതൊക്കെയാണു കുഴപ്പക്കാർ. മദ്യം എന്നതു പിടികിട്ടി. 'മദിരാശികളുടെ സുഖം' എന്താണെന്നു മനസ്സിലായില്ല. മദിരാശി എന്നതു മദ്രാസ്സാണ്, അതായത് ഇപ്പോഴത്തെ ചെന്നൈ. അത് ഒരെണ്ണമേയുള്ളൂ. അതുകൊണ്ട് 'മദിരാശികൾ' ഉണ്ടാകാൻ ഇടയില്ല. മദ്യം കഴിച്ചപ്പോൾ 'ഒന്നായ നിന്നെയിഹ രണ്ടെന്നു' കണ്ടതാണോ? മറ്റൊരു പട്ടണത്തിലും കിട്ടാത്ത എന്തു സുഖമാണു മദിരാശിയിൽ കിട്ടുക? പ്രിയപ്പെട്ട സൂസാ, ഒരു പണിയുമില്ലാതെ വീട്ടിലിരിക്കുമ്പോൾ പല തരത്തിലുള്ള വികൃതികൾ കാട്ടിക്കൂട്ടാൻ തോന്നും. കെട്ടിയോന്റെ കൈക്ക് എല്ലില്ലെങ്കിൽ ഭാര്യമാർ കവിതയെഴുതിയെന്നും വരാം. പക്ഷേ മലയാളഭാഷയോട് ഇത്തരം ക്രൂരതകൾ ഇനിയൊരിക്കലും കാട്ടരുത്, പ്ലീസ്.

# ലണ്ടൻ സമാചാരം



പിതാവായ സി.വി.ജോണിന്റെ ഉപദേശപ്രകാരം കൂലിപ്പണി ഉപേക്ഷിച്ചു പാസ്റ്ററായ സാം ജോണിന് ഇപ്പോൾ കുശാലാണ്. ഇതാ അല്പം കണക്ക്:

1. നികുതികളൊന്നും കൊടുക്കാതെ മാസം 1000 പൗണ്ട് (76,000 രൂപ) ശമ്പളം.
2. വാഹനത്തിന്റെ ഇന്ധനം സഭവക ഫണ്ടിൽ നിന്ന്.
3. അവധിക്കു കുടുംബ സമേതം നാട്ടിൽ പോയി വരാനുള്ള പണം സഭവക ഫണ്ടിൽ നിന്ന്.
4. സാം ജോണും വൻതുക ശമ്പളം പറ്റുന്ന ഭാര്യയും ദശാംശം കൊടുക്കേണ്ടതില്ല.
5. ഭർത്താവിനു ജോലിയില്ല എന്നു കാണിച്ച് ഭാര്യ സർക്കാരിൽ നിന്നു നികുതിയിളവും മറ്റു ബെനിഫിറ്റുകളും നേടുന്നു.
6. വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ ശാപ്പാട് വിശ്വാസികളുടെ വീടുകളിൽ.

തീർന്നില്ല. സാമ്പിളിന് ഇത്രയും മതിയാകുമല്ലോ. പാസ്റ്ററാകാതെ കൂലിപ്പണി ചെയ്തിരുന്നെങ്കിൽ സാം ജോണിന് ഇതൊന്നും ലഭിക്കുമായിരുന്നില്ല. അതുകൊണ്ടാണു പിതാവായ സി.വി. ജോൺ പ്രിയ പുത്രനോടു കൂലിപ്പണി ഉപേക്ഷിച്ചു സുവിശേഷവേല തുടങ്ങാൻ ഉപദേശിച്ചത്.

ഗുണപാഠം:

സർവ്വലോക തൊഴിലാളികളേ, സംഘടിക്കുവീൻ. ജോലി ഉപേക്ഷിച്ച് പാസ്റ്റർമാരാകുവീൻ. സ്വർഗ്ഗതുല്യമായ ജീവിതം ഇതാ നിങ്ങളെ കാത്തിരിക്കുന്നു.



# പോരാട്ടത്തിന്റെ വ്യാഴവട്ടം

ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ തുടങ്ങിയിട്ട് ഒരു വ്യാഴവട്ടമായി. പ്രതികൂലങ്ങളുടെ നടുവിൽ നിലനിൽക്കാനും വളരാനും ഡിഫെൻഡറിനു കഴിഞ്ഞു എന്നതു ചെറിയ കാര്യമല്ല.

ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ ഇടയായ സാഹചര്യത്തേക്കുറിച്ചു പലരും ചോദിക്കാറുണ്ട്. അതിനുള്ള മറുപടി ഈ അവസരത്തിൽ പറയുന്നത് ഉചിതമായിരിക്കും എന്നു കരുതുന്നു.

പ്രജാപതിയെന്ന അന്യദൈവം പെന്തക്കോസ്തിൽ സ്ഥിരതാമസമാക്കിക്കഴിഞ്ഞു എന്ന ദു:ഖസത്യം റ്റി.എസ്.ബാലനെന്ന ഈയുള്ളവന്റെ ശ്രദ്ധയിൽപെട്ടത് 1994ൽ ആയിരുന്നു. പ്രശ്നത്തിന്റെ ഗൗരവം ഞാൻ മനസ്സിലാക്കുകയും ഈ ഭോഷ്ക്കിനെതിരെ ഗുഡ്ന്യൂസിൽ ഒരു ലേഖനം എഴുതുകയും ചെയ്തു. അക്കാലത്തു ഞാൻ എഴുതിയ ഒരു പുസ്തകത്തിൽ പ്രജാപതിക്കെതിരെ ഒരു അദ്ധ്യായം ഉൾപ്പെടുത്തുകയും ചെയ്തു. അതോടെ പടിഞ്ഞാറേക്കരയെന്ന പ്രജാപതീഭക്തൻ കോപിച്ചു. ബാലനെ വിളിച്ച് ഒരു ചർച്ച സംഘടിപ്പിക്കണമെന്ന് തീരുമാനിച്ചു. അങ്ങനെ മരുപ്പച്ചയുടെ നേതൃത്വത്തിൽ 1995 മാർച്ച് മാസത്തിൽ ഒരു ചർച്ച നടന്നു. 'പ്രജാപതി ക്രിസ്തുവല്ല' എന്ന പുസ്തകത്തിൽ ഈ സംഭവം വിശദമായി പറയുന്നതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ഈ ചർച്ചയിൽ ഞാൻ അവതരിപ്പിച്ച പ്രബന്ധം മലബാർ ഗോസ്പൽ മെസഞ്ചറിൽ പ്രസിദ്ധീകരിച്ചു. അതിനെതിരെ നിരവധി വിമർശനങ്ങളുണ്ടായെങ്കിലും ഈ വിമർശനങ്ങൾക്കു മറുപടി പറയാനുള്ള അവസരം എനിക്കു നൽകിയില്ല. ബാലന്റെ വായടഞ്ഞു എന്നൊരു പ്രചരണവും ഉണ്ടായി. അങ്ങനെയാണ് 'പ്രജാപതി ക്രിസ്തുവല്ല' എന്ന പുസ്തകം ഞാൻ എഴുതാനിടയായത്. ഈ പുസ്തകത്തിനെതിരെയും വിമർശനങ്ങളുണ്ടായി. ഈ വിമർശനങ്ങൾക്കെല്ലാം മറുപടി പറയാൻ സ്വന്തമായി ഒരു പത്രം തുടങ്ങുകയേ മാർഗ്ഗമുള്ളൂ എന്ന് എനിക്കു ബോദ്ധ്യമായി. അങ്ങനെയാണ് 1997 ഡിസംബറിൽ ഡിഫെൻഡർ പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്.

പ്രജാപതിയെന്ന അന്യദൈവത്തിനെതിരെ ഡിഫെൻഡർ നിരന്തരം പോരാടി. മൂന്നു വർഷത്തോളം നീണ്ട ആ പോരാട്ടം ഒടുവിൽ ഫലം കണ്ടു. പെന്തക്കോസ്തിൽ നിന്നു പ്രജാപതി ഔട്ടായി. ഐ.പി.സിയുടെ സണ്ടേസ്ക്കൂൾ പുസ്തകത്തിൽ നിന്നും പ്രജാപതിയെ ഒഴിവാക്കി.

പെന്തക്കോസ്തിൽ ദുരുപദേശം മാത്രമല്ല ദുർന്നടപ്പുമുണ്ടെന്നു ഞാൻ മനസ്സിലാക്കിയത് അക്കാലത്താണ്. അങ്ങനെ പെന്തക്കോസ്തിലെ ദുർന്നടപ്പിനെതിരേയും ഞാൻ പോരാടാൻ തുടങ്ങി. വ്യഭിചാരം തൊഴിലാക്കിയിരുന്ന ടി.എസ്.ഏബ്രഹാമിനെതിരെ ഞാൻ നടത്തിയ പോരാട്ടം നിരവധി കള്ളക്കേസ്സുകൾക്കു വഴിവച്ചു. ആ പ്രശ്നം ഇപ്പോഴും തീർന്നിട്ടില്ല. സുരേഷ് ബാബു, കെ. സി.ജോൺ, സാമച്ചൻ, കെ.എ.ഏബ്രഹാം തുടങ്ങി നിരവധി കള്ളൻമാർക്കെതിരേയും ഡിഫെൻഡർ പോരാടി. ആ പോരാട്ടം ഇപ്പോഴും തുടരുകയാണ്.

ഡിഫെൻഡറിനെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങൾ നിരവധിയാണ്. സുവിശേഷ വിരോധികളുടെ പണം വാങ്ങിയാണു ബാലൻ ഡിഫെൻഡർ പ്രസിദ്ധീകരിക്കുന്നത് എന്നു പ്രചരിപ്പിച്ചവരുണ്ട്. ബാലൻ ക്രിസ്ത്യാനിയേയല്ല എന്നു വരെ പ്രചരണമുണ്ടായി. ബ്ലാക് മെയിലിംഗാണ് ബാലന്റെ മുഖ്യ പരിപാടി എന്നു വിശ്വസിക്കുന്നവർ നിരവധി. എഴുതാൻ വേണ്ടിയോ എഴുതാതിരിക്കാൻ വേണ്ടിയോ ബാലൻ ആരോടും പണം വാങ്ങിയിട്ടില്ല. വെബ്സൈറ്റ് ഡിസൈനിംഗ് നടത്തിയും സി.ഡികൾ വിറ്റും കിട്ടുന്ന പണം ഉപയോഗിച്ചാണ് ബാലൻ ജീവിക്കുന്നത്. നേരായ വഴിയിലൂടെയല്ലാതെ ഒരു ചില്ലിക്കാശുപോലും ബാലൻ വാങ്ങിയിട്ടില്ല, വാങ്ങുകയുമില്ല. കുറെ പുസ്തകങ്ങളും വീട്ടുപകരണങ്ങളുമല്ലാതെ ബാലനു സമ്പാദ്യവുമില്ല. വാടകവീട്ടിലാണു താമസം. മനസ്സുള്ളവർ വിശ്വസിച്ചാൽ മതി. ആരും വിശ്വസിച്ചില്ലെങ്കിലും റ്റി.എസ്.ബാലനെന്ന ഈയുള്ളവന് ഒരു ചുക്കുമില്ല. കാരണം, ബാലൻ ജീവിക്കുന്നത് ആരുടേയും ഔദാര്യംകൊണ്ടല്ല.

ബാലൻ മഹാപാപിയാണെന്നു വരുത്തിത്തീർക്കാനാണ് പലരും ഇത്തരം അപവാദങ്ങൾ പ്രചരിപ്പിക്കുന്നത്. ഇതൊക്കെ കേട്ടു ബാലൻ ചൂളിപ്പോകുമെന്നാണ് പലരുടേയും ധാരണ. പക്ഷേ എല്ലാവരോടുമായി ഒരു കാര്യം പറയട്ടെ: ലോകത്തിലെ ഏറ്റവും വലിയ പാപി ബാലനാണ് എന്നു പ്രചരിപ്പിച്ചാലും ഫലമുണ്ടാകുകയില്ല. കാരണം, പുണ്യാളനെന്ന പേരിൽ അറിയപ്പെടാൻ റ്റി.എസ്.ബാലൻ എന്ന ഈയുള്ളവന് ആഗ്രഹമില്ല. പാപത്തിനെതിരെ കണ്ണടച്ചിട്ടു കിട്ടുന്ന പേരും പെരുമയും റ്റി.എസ്.ബാലനു വേണ്ട. എത്ര വലിയ നേതാവു തോന്ന്യാസം കാണിച്ചാലും ഡിഫെൻഡർ പരസ്യമായി എതിർക്കും. പേരും ഫോട്ടോയും വച്ച് എഴുതും. ഭീഷണിപ്പെടുത്തിയോ കള്ളക്കേസ്സിൽ കുടുക്കിയോ ബാലനെ ഒതുക്കാമെന്നു കരുതരുത്.

കഴിഞ്ഞ 12 വർഷത്തെ അനുഭവസമ്പത്തുമായാണ് ഡിഫെൻഡർ മുൻപോട്ടു പോകുന്നത്. പാപത്തിനെതിരെ പോരാടിയതുകൊണ്ട് എനിക്കു ജയിലിൽ കിടക്കേണ്ടതായിപ്പോലും വന്നു. ഇനി പുതിയതായി ഏറെയൊന്നും അനുഭവിക്കാനില്ല. അഥവാ, ഉണ്ടെങ്കിൽ ബാലൻ അതും അനുഭവിക്കാൻ തയ്യാറാണ്.

ഡിഫെൻഡറിനു വ്യക്തമായ വിശ്വാസപ്രമാണമുണ്ട്. ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ അതു വായിക്കാവുന്നതാണ്. ഈ വിശ്വാസത്തിന്റെ സംരക്ഷണത്തിനായാണ് ഡിഫെൻഡർ പോരാടുന്നത്. ദൈവവചനാനുസൃതം ജീവിക്കുന്നവർക്ക് ഡിഫെൻഡറിനെ ഭയപ്പെടേണ്ടതില്ല.

വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾ എന്റെ സഹോദരങ്ങളാണ്, ഒരപ്പന്റെ അംശികളാണ്, ഒരു ശരീരത്തിന്റെ അവയവങ്ങളുമാണ്. പക്ഷേ ദുരുപദേശക്കാർ, ദുർന്നടപ്പുകാർ, ദ്രവ്യാഗ്രഹികൾ, അധികാരമോഹികൾ തുടങ്ങിയവരുമായി ഡിഫെൻഡറിന് കൂട്ടായ്മയില്ല, ഭാവിയിൽ ഉണ്ടാകുകയുമില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** മലാഖിയുടെ പ്രവചനമനുസരിച്ച് 2012ൽ ലോകാവസാനമുണ്ടാകും എന്നും മറ്റും ചിലർ ഈയിടെ പ്രസംഗിക്കുന്നതു കേട്ടു. ഇതിൽ കഴമ്പുണ്ടോ?

■ ദൈവവചനം പഠിക്കാതെ പ്രസംഗകരായവർ പെന്തക്കോസ്തിൽ ഏറെയുണ്ട്. ഇത്തരക്കാരാണ് ഇങ്ങനെയുള്ള വണക്കമാസപ്പുതുമകൾ പറഞ്ഞു ജനത്തെ ഇളക്കാൻ ശ്രമിക്കുന്നത്. സൊമാലിയയിൽ യേശു പ്രത്യക്ഷനായി, സൈബീരിയായിൽ നരകം കണ്ടെത്തി, 666 എന്ന നമ്പർ നെറ്റിയിൽ പച്ചകുത്തിയ ഒരു മനുഷ്യൻ യെരൂശലേമിൽ താമസിക്കുന്നുണ്ട് തുടങ്ങി പലതും ഇങ്ങനെയുള്ളവർ പ്രസംഗിക്കുന്നു. വേദത്തിൽ ക്രിസ്തുവുണ്ട് എന്നു പ്രസംഗിച്ചതും ഇത്തരക്കാരാണ്.

നോസ്ട്രഡാമസിന്റെ പ്രവചനം ആധാരമാക്കി ലോകാവസാനം പ്രസംഗിച്ച പെന്തക്കോസ്ത് പ്രസംഗകർ ഏറെയുണ്ട്. ചാവുകടൽ ചുരുളുകൾ ആധാരമാക്കിയാണ് മറ്റു ചിലർ അഭ്യാസം നടത്തിയത്. 2020ൽ ഇന്ത്യ ക്രിസ്ത്യാനികൾക്കു ഭൂരിപക്ഷമുള്ള രാഷ്ട്രമാകും എന്നു ടി.ജെ.ശാമുവൽ എന്ന കള്ളപ്രവാചകനു വെളിപ്പാടു കിട്ടിയിട്ടുണ്ട്. ഉന്തിന്റെ കൂടെ ഒരു തള്ള് എന്നു പറഞ്ഞതുപോലെ ആഞ്ജലിക്കായ്ക്കും കിട്ടി ഇത്തരമൊരു വെളിപ്പാട്. ഇരുവരും ഈ വെളിവുകേടു പ്രസംഗിച്ചു നടക്കുകയാണിപ്പോൾ.

മായൻ കലണ്ടർ അനുസരിച്ച് 2012ൽ ഒരു പുതിയ യുഗം ആരംഭിക്കുമെന്നും അത് ആയിരമാണ്ടു വാഴ്ചയാണെന്നും പ്രസംഗിക്കുന്ന പാസ്റ്റർമാരുണ്ട്. പ്രവാചകനായ മലാഖി (ബൈബിളിലെ മലാഖി പ്രവാചകനല്ലിത്) മാർപ്പാപ്പാമാരുമായി ബന്ധപ്പെട്ടു നടത്തിയിട്ടുള്ള പ്രവചനങ്ങളെ ആധാരമാക്കിയാണ് 2012ൽ ലോകാവസാനമുണ്ടാകുമെന്നും മറ്റും ചിലർ പ്രസംഗിക്കുന്നത്. ഇതെല്ലാം ശുദ്ധ വിവരക്കേടാണെന്നു പറയാതെവയ്യ.

വീണ്ടും ജനനം പ്രാപിച്ച ദൈവമക്കൾക്ക് 66 പുസ്തകങ്ങളടങ്ങിയ ബൈബിളില്ലാതെ മറ്റൊരാധാരവും ഉണ്ടാകാൻ പാടില്ല. നോസ്ട്രഡാമസ്, മലാഖി, ടി.ജെ. ശാമുവൽ, ആഞ്ജലിക്കാ തുടങ്ങിയ കള്ളപ്രവാചകൻമാർ എന്തുതന്നെ പറഞ്ഞാലും ദൈവമക്കളുടെ വിശ്വാസം, പ്രസംഗം തുടങ്ങിയവയെ അതു സ്വാധീനിക്കരുത്. ''വചനം പ്രസംഗിക്ക'' എന്ന നിർദ്ദേശം ഇവിടെ പ്രസക്തമാണ്. ദൈവദാസൻമാർ ദൈവവചനം പ്രസംഗിക്കണം.

കർത്താവിന്റെ മടങ്ങിവരവ്, ആയിരമാണ്ടുവാഴ്ച തുടങ്ങിയവ എന്നു സംഭവിക്കും എന്ന് പിതാവല്ലാതെ ആരും അറിയുന്നില്ല എന്നു ദൈവവചനം വ്യക്തമായി പറയുന്നു. പക്ഷേ ഇത് അംഗീകരിക്കാൻ മനസ്സില്ലാത്ത പലരും തീയതികൾ കണ്ടുപിടിക്കാൻ ശ്രമിച്ച് കുഴപ്പത്തിലായിട്ടുണ്ട്. യഹോവാസാക്ഷികൾ, ശാബതുകാർ, അഞ്ചരക്കാർ തുടങ്ങിയവർ ഇങ്ങനെ പുലിവാലു പിടിച്ചവരാണ്. കണ്ടിട്ടും കൊണ്ടിട്ടും പഠിക്കാത്ത പലരും ഇത്തരം കണക്കു കൂട്ടലുകൾ നടത്തിക്കൊണ്ടിരിക്കുകയുമാണ്. ഇതൊക്കെ വിശ്വസിക്കാൻ ആളുമുണ്ട്.

ദൈവം തന്റെ ദാസൻമാർക്കുപോലും മറച്ചു വച്ചത് വെളിച്ചപ്പാടൻമാർക്കു വെളിപ്പെടുത്തിക്കൊടുക്കുമോ? മലാഖിയും നോസ്ട്രഡാമസും മറ്റും വെറും വെളിച്ചപ്പാടൻമാരായിരുന്നു. ടി.ജെ.ശാമുവലും ആഞ്ജലിക്കയും വെളിച്ചപ്പാടാത്മാവു ബാധിച്ചവരാണ്. ബൈബിളിനു വെളിയിലുള്ള വെളിപ്പാടുകൾ ദൈവാലോചനയെന്ന വ്യാജേന അവതരിപ്പിച്ച് ഇവർ ജനത്തെ വഞ്ചിക്കുകയാണ്. ദൈവമക്കൾ സൂക്ഷിക്കുക.

മലാഖിയുടെ പ്രവചനം ശുദ്ധ അസംബന്ധമായിരുന്നു എന്നു തെളിയാൻ മൂന്നു വർഷംകൂടി കാത്തിരുന്നാൽ മതി. 2012 ഡിസംബർ 31ന് മലാഖിയുടെ പ്രവചനം പൊളിയും. ഈ വിഢ്ഢിത്തം പ്രസംഗിച്ചു നടന്നവർ ഇളിഭ്യരാകുകയും ചെയ്യും. 2020 ഡിസംബർ 31ന് ടി.ജെ.ശാമുവലും ആഞ്ജലിക്കയും വെള്ളം കുടിക്കും. ഇന്ത്യ ക്രിസ്ത്യൻ ഭൂരിപക്ഷമുള്ള രാഷ്ട്രമാകുകയില്ലെന്നു മാത്രമല്ല, ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണം അഞ്ചു ശതമാനത്തിലും താഴെ ആയിരിക്കുകയും ചെയ്യും. പ്രവചനം പൊളിയുമ്പോൾ തടിതപ്പാനുള്ള മാർഗ്ഗം ഇപ്പോൾത്തന്നെ പറഞ്ഞുതരാം: ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ എണ്ണം 50 ശതമാനം കടന്നിരിക്കയാണെന്നും അവരിൽ മൂന്നോ നാലോ ശതമാനം ഒഴികെയുള്ളവരെല്ലാം രഹസ്യക്രിസ്ത്യാനികളാണെന്നും വ്യാഖ്യാനിച്ചാൽ മതി.

വീണ്ടും ജനനം പ്രാപിച്ച ദൈവമക്കളോടു ഡിഫെൻഡറിനു പറയാനുള്ളത് ഇതാണ്: വിവരദോഷികൾ പറയുന്നതു കേട്ട് നിങ്ങൾ ഇളകരുത്. കർത്താവിന്റെ മടങ്ങിവരവ് എപ്പോൾ സംഭവിക്കും എന്നത് ദൈവം രഹസ്യമാക്കി വച്ചിരിക്കയാണ്. ഈ രഹസ്യം ബൈബിളിലോ മറ്റേതെങ്കിലും ഗ്രന്ഥങ്ങളിലോ കണ്ടെത്താനാവില്ല. ദൈവം ഇത് ആർക്കും വെളിപ്പെടുത്തി കൊടുക്കുകയുമില്ല. വർഷവും തീയതിയും മറ്റും പ്രസംഗിച്ചു നടക്കുന്നവരെ സൂക്ഷിക്കുക. അവർ സാത്താന്റെ ദാസൻമാരാണ്. ദൈവവചനത്തിന്റെ പരിധിയിൽ ഒതുങ്ങി നിൽക്കാൻ ശ്രദ്ധിക്കുക.

# വീട്ടിൽ ഒരു റഫറൻസ് ലൈബ്രറി

നിങ്ങളുടെ വീട്ടിലും ഒരു റഫറൻസ് ലൈബ്രറി ഒരുക്കാൻ ഇതാ ഒരു സുവർണ്ണാവസരം. 1500ൽ അധികം പുസ്തകങ്ങൾ. നാലു ലക്ഷത്തിൽ അധികം പേജുകൾ. പി.ഡി.എഫ് ഫോർമാറ്റിലുള്ള 40 സി.ഡികൾ. വില 1900 രൂപ മാത്രം. ട്രിനിറ്റി സ്ക്കൂൾ പുറത്തിറക്കിയിരിക്കുന്ന ഈ ക്ലാസിക്കൽ ഡിജിറ്റൽ ലൈബ്രറിയുടെ കോപ്പികൾ ഇപ്പോൾ ഡിഫെൻഡർ ഓഫീസിൽനിന്നും വിതരണം ചെയ്യുന്നു.

ജോസീഫസ് പോലുള്ള പ്രാചീന ഗ്രന്ഥങ്ങൾ മുതൽ ലൂഥർ, കാൽവിൻ തുടങ്ങിയ പ്രോട്ടസ്റ്റന്റ് നേതാക്കൻമാരുടെ പുസ്തകങ്ങളും നിരവധി ബൈബിൾ വ്യാഖ്യാന ഗ്രന്ഥങ്ങളും ഉൾപ്പെടുന്നതാണ് ഈ അത്യപൂർവ്വ ഗ്രന്ഥശേഖരം. ജോസീഫസ് പറഞ്ഞു, ലൂഥർ എഴുതി എന്നൊക്കെ ഇനി ഊഹം വെച്ച് പറയേണ്ടതില്ല.

ആകെ 1500ൽ അധികം പുസ്തകങ്ങൾ ഉള്ളതിനാൽ ഓരോ പുസ്തകത്തേക്കുറിച്ചും പ്രത്യേകമായി പറയാൻ ബുദ്ധിമുട്ടുണ്ട്. ക്രിസ്തീയലോകത്ത് ക്ലാസിക്കുകളായി അംഗീകാരം നേടിയിട്ടുള്ളവയാണ് എല്ലാ പുസ്തകങ്ങളും എന്ന് പൊതുവായി പറയാം. ഇവയിൽ നല്ലൊരു പങ്ക് ഇപ്പോൾ വിലയ്ക്ക് വാങ്ങാൻ പോലും കിട്ടുകയില്ല.

ഭൂരിപക്ഷം പുസ്തകങ്ങളും ഒരിജിനൽ പുസ്തകത്തിൽ നിന്ന് സ്ക്കാൻ ചെയ്ത് പി.ഡി.എഫ് ഫോർമാറ്റിൽ ആക്കിയിരിക്കുന്നു. ഏതാനും പുസ്തകങ്ങൾ ടൈപ്പ് ചെയ്ത് പി.ഡി.എഫിലോ എച്ച്.റ്റി.എം.എൽ ഫോർമാറ്റിലോ സെറ്റ് ചെയ്തിരിക്കുന്നു. ആകെ 40 സി.ഡികളിലായി, അക്ഷരമാലാ ക്രമത്തിൽ, ഒരുക്കിയിരിക്കയാണ് ഈ പുസ്തകങ്ങൾ. എല്ലാംകൂടി നാല് ലക്ഷത്തിൽ അധികം പേജുകൾ. പുസ്തകരൂപത്തിൽ വാങ്ങിയാൽ 10 ലക്ഷം രൂപയെങ്കിലും ചെലവാകും.

ഇംഗ്ലീഷ് അറിയാവുന്നവർക്ക് ഈ സി.ഡികൾ വാങ്ങി കമ്പ്യൂട്ടറിൽ ഇട്ട് ഉപയോഗിക്കാം. (ഇംഗ്ലീഷ് അറിയാത്തവരും സ്വന്തമായി കമ്പ്യൂട്ടർ ഇല്ലാത്തവരും ഈ സി.ഡികൾ വാങ്ങരുത്). ഈ സി.ഡികളേക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ 0484-3232356, 9656432921 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

Email: tsbalan@yahoo.com

40 സി.ഡികൾ അടങ്ങുന്ന ഒരു സെറ്റിന്റെ വില 4000 രൂപയാണ്. എന്നാൽ ഇപ്പോൾ സൗജന്യ വിലയായ 1900 രൂപയ്ക്ക് 40 സി.ഡികൾ ലഭിക്കും.

സി.ഡികൾ ആവശ്യമുള്ളവർ T.S.Balan എന്ന പേരിൽ 1900 രൂപ മണിയോർഡർ/ചെക്ക്/ഡ്രാഫ്റ്റ് എടുത്ത് താഴെ കാണുന്ന വിലാസത്തിൽ അയച്ചുതരിക. പണം ഓഫീസിൽ ലഭിച്ചാലുടൻ സി.ഡികൾ കുരിയർ/സ്പീഡ് പോസ്റ്റിൽ അയച്ചുതരുന്നതാണ്. വിദേശ രാജ്യങ്ങളിലേക്ക് സ്പീഡ് പോസ്റ്റിൽ സി.ഡികൾ അയയ്ക്കും. വില: US$ 100 or Rs.4000/-. ഗൾഫിലുള്ളവർ 1900 രൂപയും ഇന്ത്യയിലെ വിലാസവും അയയ്ക്കുക.

Address:
T.S.Balan
Anand Bhavan
Near: KSRTC,
Perumbavoor P.O.,
Ernakulam Dist. Pin. 683 542

# ബാബു ജോഷ്വ കള്ളനാണ്



ആശാരി ഉപദേശിയുടെ മകളുടെ ഭർത്താവായ ബാബു ജോഷ്വ ഒന്നാംതരം കള്ളനും ദുർമ്മാർഗ്ഗിയുമാണ്. ദൈവമക്കൾ സൂക്ഷിക്കുക. ഇയാൾ ഇപ്പോൾ സൗദിയിലെ റിയാദിലുണ്ട്. ഭൂതമിറക്കാണ് ഇയാളുടെ മുഖ്യ പരിപാടി. ഭൂതത്തെ ഇറക്കി വിടാൻ മാത്രമല്ല ഇറക്കി വിട്ട ഭൂതത്തെ തിരികെ കയറ്റാനും തനിക്കു കഴിവുണ്ടെന്നാണ് ബാബു ജോഷ്വ അവകാശപ്പെടുന്നത്. പക്ഷേ ഇതിലും ഗുരുതരമായ പ്രശ്നങ്ങളുണ്ട്. തികഞ്ഞ ദുർമ്മാർഗ്ഗിയാണിയാൾ. ഭൂതമിറക്കിനോടുള്ള ബന്ധത്തിൽ ബന്ധപ്പെടുന്ന സ്ത്രീകളെ ലൈംഗികമായി ചൂഷണം ചെയ്യും. പ്രാർത്ഥനയ്ക്കും മറ്റുമായി കയറുന്നിടത്തെല്ലാം തരം കിട്ടിയാൽ വ്യഭിചരിക്കും.

ഇയാൾ 12 മാനസിക രോഗികളെ സംരക്ഷിക്കുന്നുണ്ടെന്നാണ് അവകാശപ്പെടുന്നത്. എന്നാൽ പേരിന് ഒരു മാനസിക രോഗി മാത്രമാണ് അവിടെയുള്ളത്. മാനസിക രോഗികളെ സംരക്ഷിക്കാനെന്ന പേരിൽ ഇയാൾ വ്യാപകമായി പിരിവു നടത്തുന്നു.

ഇന്ത്യയിൽ മാത്രമല്ല, വിസിറ്റിനായി ചെല്ലുന്ന വിദേശ രാജ്യങ്ങളിലും ഇയാൾ വലിയ കുഴപ്പങ്ങളുണ്ടാക്കാറുണ്ട്. ഇപ്പോൾ റിയാദിലുള്ള ഇയാൾ അവിടെയും പലവിധ പ്രശ്നങ്ങളുണ്ടാക്കിക്കഴിഞ്ഞു. ഇയാൾ ദൈവദാസനാണെന്നു തെറ്റിദ്ധരിച്ച് നിരവധി ആളുകൾ പണം നൽകി ഈ നീചനെ സഹായിക്കാറുണ്ട്. ദൈവമക്കൾ ഇനിയെങ്കിലും അബദ്ധത്തിൽ ചാടാതിരിക്കാനായി ഇയാളേക്കുറിച്ചുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കയാണ്. സൂക്ഷിക്കുക: ബാബു ജോഷ്വ കള്ളനാണ്, ദുർമ്മാർഗ്ഗിയാണ്, ലൈംഗിക വൈകൃതങ്ങളിൽ ആനന്ദം കണ്ടെത്തുന്നവനാണ്. ഇവനു ദൈവവുമായി ഒരു ബന്ധവുമില്ല. ഇവനെ വീട്ടിൽ കയറ്ററുത്.

# വീട്ടിലിരിക്കൂ തോമ്മാച്ചാ



കെ.എ.ഏബ്രഹാമിന്റെ അനുജനായ കെ.എ.തോമസ് ഇപ്പോൾ കിണ്ണം കട്ട കള്ളന്റെ സ്ഥിതിയിലാണ്. കുവൈറ്റിൽ വച്ചു കൈവയ്പ്പു കിട്ടിയ കാര്യം മാലോകർ അറിഞ്ഞോ എന്നൊരു സംശയം. അതുകൊണ്ട് തപ്പിത്തടഞ്ഞാണു പ്രസംഗം.

കാണാപ്പാഠം പഠിച്ചു വച്ചിരിക്കുന്ന വാചകങ്ങൾ വള്ളി പുള്ളി വിടാതെ ആവർത്തിക്കുന്നതാണ് അവറാന്റേയും അനുജന്റേയും പ്രസംഗം. പക്ഷേ മന:പാഠമാക്കിയ വാചകങ്ങൾ ഇടയ്ക്കൊക്കെ മറന്നുപോകുന്നു. വാക്കുകൾ കിട്ടാതെ തപ്പിത്തടയുന്നു. പ്രസംഗത്തിന് ഒഴുക്ക് അശ്ശേഷമില്ല. സംഗതി കുവൈറ്റ് തന്നെ. ''എന്നെ കണ്ടാൽ കുവൈറ്റിൽ വച്ചു തല്ലു കിട്ടിയതാണെന്നു തോന്നുമോ'' എന്നു ചോദിച്ചു പോകുന്നത്ര ദയനീയ സ്ഥിതിയിലാണു തോമ്മാച്ചൻ. ആരെങ്കിലും തോമ്മാച്ചനെ ഒന്നു സൂക്ഷിച്ചു നോക്കിയാൽ സംശയം ആരംഭിക്കും. നോക്കി ചിരിക്കുകയോ പിറുപിറുക്കുകയോ ചെയ്താൽ ശരിക്കും പ്രശ്നമാകും. ഇനി ഒരു പോംവഴിയേ ഉള്ളൂ: തോമ്മാച്ചൻ പ്രസംഗം നിർത്തുക.

# നസീല ബീവിക്കു വാഹനാപകടത്തിൽ പരിക്കേറ്റു



നസീല ബീവിക്കു വാഹനാപകടത്തിൽ പരിക്കേറ്റു. നവംബർ 17 (ചൊവ്വ) വൈകിട്ട് ആയൂരിനു സമീപമാണു സംഭവം നടന്നത്. ഒപ്പമുണ്ടായിരുന്ന ഭർത്താവിനും കുട്ടിക്കും പരിക്കേറ്റു. തിരുവനന്തപുരത്തുനിന്നു കോട്ടയത്തേക്കുള്ള യാത്രയ്ക്കിടയിലാണു സംഭവം നടന്നത്. ഇവർ സഞ്ചരിച്ചിരുന്ന കാർ ഒരു ലോറിയുമായി കൂട്ടിമുട്ടുകയാണുണ്ടായത്. ഉടൻ തന്നെ മൂന്നു പേരേയും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചു. നസീല ബീവിയുടെ മുഖത്തിനാണു കൂടുതൽ പരിക്കു പറ്റിയിരിക്കുന്നത്. പല്ലുകൾ ഇളകി. വലതു കാലിലും ക്ഷതമേറ്റിട്ടുണ്ട്. ഭർത്താവിന്റെ ഇരു കാലുകൾക്കും പരിക്കുണ്ട്. തലയിലേറ്റ പരിക്കും ഗൗരവമുള്ളതാണ്. കുട്ടിക്കും സാരമായ പരിക്കേറ്റു. എങ്കിലും മൂന്നുപേരും ഇപ്പോൾ സൗഖ്യം പ്രാപിച്ചുവരുന്നു. ഇടയസംഗമം എന്ന സംഘടനയാണു സഹായവുമായി രംഗത്തുള്ളത്.

നസീല ബീവി സാക്ഷ്യമെന്ന പേരിൽ പറഞ്ഞതൊക്കെ കള്ളമായിരുന്നു. മാത്രമല്ല, റ്റി. എസ്.ബാലന്റെ മകൻ മരിച്ചു എന്ന വാർത്ത കെ.എ.ഏബ്രഹാം സസന്തോഷം വിളിച്ചറിയിച്ചപ്പോൾ സന്തോഷം സഹിക്കവയ്യാതെ തുള്ളിച്ചാടാൻ നസീല ബീവിക്കു മടിയുണ്ടായതുമില്ല. പക്ഷേ അതൊന്നും ഇത്തരമൊരു സാഹചര്യത്തിൽ പരിഗണിക്കുന്നതു ശരിയല്ല. എല്ലാം മറന്ന് ഇവരെ സഹായിക്കയാണു ദൈവജനം ഇപ്പോൾ ചെയ്യേണ്ടത്. ഇവർക്കായി പ്രാർത്ഥിക്കുന്നതോടൊപ്പം മറ്റു വിധത്തിലുള്ള സഹായങ്ങളും നൽകണം.

# സൗത്ത് ഈസ്റ്റ് കൗൺസിൽ വംശാവലിരേഖ അന്വേഷിച്ചു

അമേരിക്കയിലെ ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ കൗൺസിൽ മീറ്റിംഗിൽ ചില കൗൺസിൽ അംഗങ്ങൾ മറ്റു ചിലരുടെ വംശാവലിരേഖ അന്വേഷിച്ചു. സംഗതി പിടി കിട്ടിയോ? ഇല്ല, അല്ലേ. അതാണു കുഴപ്പം. ഡിഫെൻഡറിന്റെ ഭാഷ മഹാമോശമാണെന്നും ഡിഫെൻഡർ അശ്ലീലം പറയുന്നു എന്നും മറ്റുമുള്ള ആരോപണങ്ങൾ സ്ഥിരമായി കേൾക്കാറുണ്ട്. അതുകൊണ്ടു വാർത്ത കഴിയുന്നത്ര ആത്മീയത്തിലൂടെ പറയാൻ നടത്തിയ ശ്രമം ഇങ്ങനെയായി. ഇനി കാര്യം പച്ച മലയാളത്തിൽ പറയുകയേ നിവൃത്തിയുള്ളൂ. സദാചാരക്കാർ മാപ്പാക്കണം. ഇതാണു വാർത്ത: അമേരിക്കയിലെ ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ കൗൺസിൽ മീറ്റിംഗിൽ ചില കൗൺസിൽ അംഗങ്ങൾ മറ്റു ചിലരുടെ തന്തയ്ക്കു വിളിച്ചു. ഇപ്പോൾ കാര്യം പിടികിട്ടി, ഇല്ലേ. ഇതാണു ഡിഫെൻഡറിന്റെ ഭാഷയുടെ ഗുണം.

സൗത്ത് ഈസ്റ്റ് റീജിയന്റെ കൺവൻഷനിൽ പ്രസംഗിക്കാനെത്തിയ കെ.സി.ജോണിനു 2000 ഡോളറും സായിപ്പിന് 1000 ഡോളറും കൊടുക്കാനായിരുന്നു തീരുമാനം. കെ.സി.ജോണിനു പണം കൊടുത്തു. പക്ഷേ സായിപ്പിന് നാളിതുവരെ പണം കൊടുത്തില്ല. ഈ വിഷയത്തേകുറിച്ചുള്ള സംഭാഷണമാണ് തന്തയ്ക്കു വിളിയിൽ കലാശിച്ചത്.

വ്യഭിചാരിക്കു പണം കൊടുക്കാമെങ്കിൽ സായിപ്പിന് എന്തുകൊണ്ടു കൊടുത്തുകൂടാ എന്ന് ഒരു കൗൺസിൽ അംഗം ചോദിച്ചു. ഐ.പി.സിയുടെ പ്രസിഡന്റിനെ വ്യഭിചാരി എന്നു വിളിച്ചു എന്നായി തുടർന്നുള്ള മുറവിളി. കെ.സി.ജോൺ വ്യഭിചാരിയാണെന്നു തെളിയിക്കാൻ താൻ തയ്യാറാണെന്നും മറിച്ചു തെളിയിക്കാൻ കെ.സി.ജോണിനു ധൈര്യമുണ്ടോ എന്നും കൗൺസിൽ അംഗം ചോദിച്ചതോടെ ഏവരുടേയും നാവിറങ്ങി. മഹാനായ കെ.സി.ജോൺ ഒന്നാം തരം വ്യഭിചാരിയാണെന്ന് ഏവർക്കും അറിയാമെന്നതുതന്നെ കാരണം.

# ഷക്കീല കൺവൻഷൻ

ഷക്കീല കൺവൻഷൻ എന്നൊരു കൺവൻഷനുണ്ടോ? ഉണ്ടെന്നാണ് ഒരു പത്രപ്രതിനിധി പറയുന്നത്. വിവരിക്കാം:

പട്ടണത്തിൽ നടക്കാൻ പോകുന്ന കൺവൻഷനു വ്യാപകമായി പരസ്യം നൽകുന്നതിന്റെ ഭാഗമായി സംഘാടകർ ഒരു പത്രസമ്മേളനം വിളിച്ചു കാര്യങ്ങൾ വിശദീകരിച്ചു. പ്രധാന വിഷയങ്ങൾ പറഞ്ഞു കഴിഞ്ഞപ്പോൾ പത്രപ്രതിനിധികൾ ചില ചോദ്യങ്ങളുമായി രംഗത്തെത്തി. അതിനിടയിലാണു ഷക്കീല കൺവൻഷൻ പൊന്തിവന്നത്. ഷക്കീല കൺവൻഷൻ എന്നൊരു കൺവൻഷനില്ലെന്നും പെന്തക്കോസ്തുകാർക്കു ഷക്കീലയുമായി ഒരു ബന്ധവുമില്ലെന്നും മറ്റും ആണയിട്ടിട്ടും പറഞ്ഞിട്ടും പത്രക്കാർക്കു വിശ്വാസമായില്ല. ഒടുവിൽ സഹികെട്ട് അവർ ഒരു നോട്ടീസ് എടുത്തു കാണിച്ചു. സംഗതി ഏറെക്കുറെ ശരിയാണ്. ഒരു ചെറിയ വ്യത്യാസം മാത്രം: ഷക്കീല കൺവൻഷൻ എന്നല്ല ഷെക്കെയ്നാ കൺവൻഷൻ എന്നത്രേ നോട്ടീസിൽ ഉള്ളത്. പത്രപ്രതിനിധി ഷെക്കെയ്നാ എന്നത് ഷക്കീല എന്നു വായിച്ചതാണു പ്രശ്നമായത്. പത്രപ്രതിനിധിയെ കാര്യങ്ങൾ പറഞ്ഞു ബോദ്ധ്യപ്പെടുത്താൻ സംഘാടകർക്ക് ഏറെ പാടുപെടേണ്ടതായിവന്നു.

# ശാസ്ത്ര(ജ്ഞന്റെ) രഹസ്യം



ശാസ്ത്രത്തിനു മാത്രമല്ല ശാസ്ത്രജ്ഞനും രഹസ്യമുണ്ടെന്ന് ഈയിടെ തെളിഞ്ഞു. (ചുമ്മാ) ശാസ്ത്രജ്ഞനായ തോമസ് മാമ്മന്റെ കാര്യമാണു പറഞ്ഞുവരുന്നത്. തേയിലത്തോട്ടത്തിലെ കങ്കാണിപ്പണിയിൽ നിന്നു പെൻഷൻ പറ്റിയശേഷം സുവിശേഷകനും ശാസ്ത്രജ്ഞനും ചുമ്മാഡോയും മറ്റുമായി മാറിയ തോമസ് മാമ്മാനു ശാസ്ത്രജ്ഞാനം എങ്ങനെയുണ്ടായി എന്ന രഹസ്യമാണു പുറത്തായത്.

കോട്ടയം ഡി.സി ബുക്സിൽ പുസ്തകം വാങ്ങാനെത്തിയ ഒരു വിശ്വാസി തോമസ് മാമ്മൻ അവിടേക്കു വരുന്നതു കണ്ട് അത്ഭുതപ്പെട്ടു. ''പുതിയ സയൻസ് പുസ്തകങ്ങൾ വല്ലതുമുണ്ടോ?'' തോമസ് മാമ്മൻ ചോദിച്ചു. വില്പനക്കാരൻ ചില പുസ്തകങ്ങൾ എടുത്തു കൊടുത്തു. അവയെല്ലാം പരിശോധിച്ചിട്ടു തോമസ് മാമ്മൻ പറഞ്ഞു: ''ഇതെല്ലാം കഴിഞ്ഞതവണ വാങ്ങിയതാണ്. വേറേയില്ലേ?'' ഇല്ലെന്നു വില്പനക്കാരൻ പറഞ്ഞു. അങ്ങനെ തോമസ് മാമ്മൻ മടങ്ങി.

സംഗതി പിടികിട്ടിയോ മാളോരേ? കങ്കാണി ശാസ്ത്രജ്ഞനായത് ഈ വിധത്തിലാണ്. ഡി.സി ബുക്സ് ഇടയ്ക്കൊക്കെ സയൻസ് സംബന്ധിച്ച് ചില പുസ്തകങ്ങൾ പ്രസിദ്ധീകരിക്കും. തോമസ് മാമ്മൻ അതൊക്കെ വാങ്ങി കാണാപ്പാഠം പഠിക്കും. എന്നിട്ട് ബൈബിൾ വാക്യങ്ങൾ, പുട്ടിനു പീര പോലെ ഇട്ട്, വിളമ്പും. വിവരംകെട്ട പെന്തക്കോസ്തുകാർ സയൻസുകേട്ടു വണ്ടറടിക്കും. (ഡി.സി.ക്കും പുസ്തകത്തിനും സ്തുതിയായിരിക്കട്ടെ.)






# ബഥേലിന്റെ പ്രവചനം അച്ചട്ടായിരുന്നു



ബഥേൽ പി ജേക്കബ് ദൈവദാസനല്ലെന്നും പ്രവാചകനല്ലെന്നും മറ്റും ആരുതന്നെ പറഞ്ഞാലും വിശ്വസിക്കാത്തവർ നിരവധിയുണ്ട്. ബഥേൽ ദൈവദാസനാണെന്നും പ്രവാചകനാണെന്നും സ്ഥാപിക്കാൻ അവരുടെ കൈവശം തെളിവുണ്ട് എന്നതു തന്നെ കാരണം. ഇതാ അത്തരത്തിലുള്ള ഒരാളുടെ അനുഭവം.

ഈ സഹോദരൻ ഭാര്യാസമേതനായി ബഥേലിന്റെ സഭയിലെ അംഗമായി കഴിയുന്ന കാലത്താണ് ഈ സംഭവം നടക്കുന്നത്. ഭാര്യക്കു നല്ല ജോലിയുണ്ടെങ്കിലും ഈ സഹോദരനു ജോലിയില്ല. അതുകൊണ്ട് കുറച്ചധികം അപകർഷതാബോധവുമുണ്ട്. ഭാര്യയെ നിരന്തരം മർദ്ദിച്ചാണ് ഇയാൾ അപകർഷതാബോധത്തിനു ശമനം വരുത്തിയിരുന്നത്. ഈ പ്രശ്നത്തേക്കുറിച്ച് ആ സഹോദരി ബഥേലിനോടു സംസാരിച്ചു. ഇനി അടിയുണ്ടായാലുടൻ വിവരമറിയിക്കണമെന്നു ബഥേൽ നിർദ്ദേശിച്ചു.

അങ്ങനെയിരിക്കെ ഒരു രാത്രിയിൽ ഈ സഹോദരൻ ഭാര്യയെ അത്യുഗ്രമായി മർദ്ദിച്ചു. അതിനുശേഷം കുളിക്കാൻ കയറി. അഞ്ചു മിനിട്ടുകൊണ്ടു കുളി കഴിഞ്ഞു പുറത്തിറങ്ങി. അതാ വാതിലിൽ ആരോ മുട്ടുന്നു. വാതിൽ തുറന്നപ്പോൾ നിൽക്കുന്നൂ ബഥേൽ. ഈ പാതിരായ്ക്ക് ബഥേൽ എങ്ങനെ അവിടെയെത്തി? അതിനുള്ള ഉത്തരം ബഥേൽ തന്നെ പറഞ്ഞു: ‘‘ഇതാ അയാൾ വീണ്ടും ഭാര്യയെ അടിക്കുന്നു, നീ ഉടൻ അവരുടെ വീട്ടിലെത്തുക’’ എന്നു ദൈവാത്മാവു പറഞ്ഞു. അങ്ങനെയാണു ബഥേൽ വന്നത്. അന്നു രാത്രി മുഴുവൻ ബഥേൽ അവിടെയിരുന്ന് അവരെ ഗുണദോഷിച്ചു. അതോടെ ആ സഹോദരന് ബഥേലിന്റെ പ്രവചനത്തിൽ വിശ്വാസമായി.

പക്ഷേ ഒരു കുഴപ്പം: ആ സഹോദരിക്ക് ബഥേലിലുള്ള വിശ്വാസം അതോടെ നഷ്ടമായി. കാരണം ഇതാണ്: ഭർത്താവു കുളിക്കാൻ കയറിയ ഉടൻ അവർ ബഥേലിനു ഫോൺ ചെയ്ത് അടിപിടിയുടെ കാര്യം പറഞ്ഞു. ഇവരുടെ വീടിനു സമീപത്തുള്ള ഒരു വീട്ടിൽ ബഥേൽ സന്ദർശനത്തിനെത്തിയ സമയത്താണ് ഫോൺ വന്നത്. ഉടൻ തന്നെ ബഥേൽ തല്ലുകാരുടെ വീട്ടിലെത്തുകയാണുണ്ടായത്. ദൈവാത്മാവല്ല ആ സ്ത്രീയാണ് അടിപിടിക്കാര്യം പറഞ്ഞത്. അതു ബഥേൽ ദൈവത്തിന്റെ പേരിലാക്കി. ഭർത്താവിനു ബഥേലിലുള്ള വിശ്വാസം നഷ്ടമാകാതിരിക്കാൻ ആ ഭാര്യ സത്യം തുറന്നു പറഞ്ഞുമില്ല.

# ബാബു ജോൺ മറുപടി പറയണം



ദൈവവേല ചെയ്യാൻ ഉന്നത വിദ്യാഭ്യാസം കൂടിയേ കഴിയൂ എന്നില്ല. പക്ഷേ ആരെങ്കിലും തനിക്ക് ഉന്നത വിദ്യാഭ്യാസമുണ്ടെന്നു പറഞ്ഞാൽ അതു തെളിയിക്കേണ്ടതാണ്. ഇപ്പോൾ യു.കെയിലുള്ള ബാബു ജോൺ വേട്ടമലയുടെ കാര്യത്തിലും ഇതുതന്നെയാണു ഡിഫെൻഡറിനു പറയാനുള്ളത്.

തനിക്ക് ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ., ഡോക്ടറേറ്റ് എന്നിവ ഉണ്ടെന്നാണ് ബാബു ജോൺ അവകാശപ്പെടുന്നത്. ഡോ.ബാബു ജോൺ വേട്ടമല എന്നാണു സ്വന്തം പേര് എഴുതുന്നതും. അങ്ങനെയുള്ള ആൾ തനിക്ക് എം.എ., ഡോക്ടറേറ്റ് എന്നിവ ഉണ്ടെന്നു തെളിയിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഡിഫെൻഡർ ബാബു ജോണിന് ഈമെയിൽ അയച്ചു. അതിനുള്ള മറുപടിയായി ബാബു ജോൺ പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

കേരള യൂണിവേഴ്സിറ്റിയിൽ ബാബു ജോൺ എം.എ (ഇംഗ്ലീഷ്) പഠിച്ചെങ്കിലും പരീക്ഷ എഴുതാൻ കഴിഞ്ഞില്ല. അതിനു ശേഷം യു.കെയിൽ എത്തി. ലണ്ടനിലുള്ള ഇന്റർനാഷണൽ യൂണിവേഴ്സിറ്റി ഓഫ് അമേരിക്കയിൽ നിന്നു ബാബു ജോൺ ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ., ഡോക്ടറേറ്റ് എന്നിവ നേടി.

ലണ്ടനിലുള്ള ഇന്റർ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അമേരിക്കയുടെ വെബ്സൈറ്റ് വിലാസം www.iua.ac എന്നതാണ്. യൂണിവേഴ്സിറ്റിക്ക് അക്രെഡിറ്റേഷൻ ലഭിച്ചിട്ടില്ല എന്നൊരു അറിയിപ്പാണ് വെബ്സൈറ്റ് തുറന്നാലുടൻ കാണുന്നത്. ഈ സ്ഥാപനം നടത്തുന്ന കോഴ്സുകളേക്കുറിച്ചുള്ള വിവരം വെബ്സൈറ്റിലുണ്ട്. ബിസിനസ്സുമായി ബന്ധപ്പെട്ടതാണ് എല്ലാ കോഴ്സുകളും. ഇംഗ്ലീഷ് സാഹിത്യത്തിൽ എം.എ., ഡോക്ടറേറ്റ് എന്നീ കോഴ്സുകൾ ഈ സ്ഥാപനം നടത്തുന്നതേയില്ല. ഈ വിവരങ്ങൾ ചൂണ്ടിക്കാട്ടി ഒരു മാസം മുൻപ് ഡിഫെൻഡർ വീണ്ടും ബാബു ജോണിന് ഈമെയിൽ അയച്ചു. തന്റെ സർട്ടിഫിക്കറ്റുകളുടെ കോപ്പി പോസ്റ്റിൽ അയച്ചിട്ടുണ്ടെന്ന മറുപടിയും ലഭിച്ചു. ഒരു മാസമായിട്ടും സർട്ടിഫിക്കറ്റ് എത്തിയില്ല. അടുത്ത ഫെബ്രുവരിയിൽ ബാബു ജോൺ നാട്ടിൽ വരുമ്പോൾ സർട്ടിഫിക്കറ്റ് കാണിക്കാമെന്നാണ് ഇപ്പോൾ പറയുന്നത്. എന്തൊക്കെയോ ദുരൂഹതകൾ ഉണ്ടെന്നു വ്യക്തം. അതെന്താണ്?

# പിരിക്കൽ വിദ്യ: ജോൺസൺ വഹ



നിഷ്ക്കാമ കർമ്മം ചെയ്യുന്ന കാര്യത്തിൽ ജോൺസൺ ദാനിയേലിനെ വെല്ലാൻ ആരുമില്ല. ഭാര്യയുടെ ശമ്പളം കൊണ്ടു സുവിശേഷവേല ചെയ്യുന്നു. ചെറുവക്കലിൽ അത്യുഗ്രൻ ബൈബിൾ കോളേജ് നടത്തുന്നു. ആരാണ് ബൈബിൾ കോളേജിന്റെ ഉടമസ്ഥൻ? പൊതുമുതലാണോ? അല്ല, ഞമ്മന്റെ വഹയാണ്.

പക്ഷേ ഭാര്യയുടെ ശമ്പളം കൊണ്ടു സുവിശേഷവേല ചെയ്യുന്നതിന്റെ ഗുട്ടൻസ് ഡിഫെൻഡർ നടത്തിയ അന്വേഷണത്തിൽ വ്യക്തമായി. പിരിവിന്റെ കാര്യത്തിൽ ജോൺസൺ ഡോക്ടറേറ്റ് എടുത്തവനാണ്. ആരെയെങ്കിലും പരിചയപ്പെട്ടാൽ ഉടൻ സ്വന്തം കാർഡ് കൊടുക്കും. അവരുടെ ഫോൺ നമ്പർ വാങ്ങുകയും ചെയ്യും. അന്നുതന്നെ ജോൺസൺ വിളിക്കും. ചെറുവക്കലിൽ താൻ നടത്തിക്കൊണ്ടിരിക്കുന്ന വേലത്തരങ്ങൾ വർണ്ണിക്കും. ഈ മിനിസ്ട്രിയുമായി സഹകരിച്ചാൽ ദൈവം നൽകാൻ പോകുന്ന അനുഗ്രഹങ്ങളേക്കുറിച്ചും വർണ്ണിക്കും. എന്തിനേറെ പറയുന്നു, നൂറു ഡോളറെങ്കിലും വാങ്ങാതെ ജോൺസൺ പിൻവാങ്ങില്ല. ഒരിക്കൽ പണം കൊടുത്തവൻ കുടുങ്ങി എന്നു തീർച്ച. കാരണം, ജോൺസൺ കേരളത്തിലേക്കു പോകുന്നതിനു മുൻപ് വീണ്ടും വിളിക്കും, അല്ലെങ്കിൽ വീട്ടിൽ വരും. വീണ്ടും പണം കൊടുക്കാതെ പറ്റില്ല. ഇത്ര നാണംകെട്ട ഒരു തെണ്ടിയെ കണ്ടിട്ടില്ലെന്നാണ് അമേരിക്കയിലുള്ളവർ പറയുന്നത്. ഇതാണു ഭാര്യയുടെ ശമ്പളം കൊണ്ടുള്ള വേല!

# വിശുദ്ധ സംഗമമോ?

നവംബർ 20ന് പ്രസിദ്ധീകരിച്ച മരുപ്പച്ചയുടെ ഒന്നാം പേജിൽ ഇങ്ങനെ ഒരു വാർത്ത ഉണ്ടായിരുന്നു: ‘‘വിശുദ്ധ സംഗമം ജനുവരി 10ന് - കുമ്പനാട് ഒരുങ്ങി’’. കുമ്പനാട് കൺവൻഷൻ ആരംഭിക്കുന്നതിനേക്കുറിച്ചാണു വാർത്ത എന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. രാഷ്ട്രീയക്കാർക്ക് അസാമാന്യ തൊലിക്കട്ടിയുണ്ടെന്നു പൊതുവെ പറയാറുണ്ട്. പക്ഷേ പെന്തക്കോസ്തുകാരും തൊലിക്കട്ടിയുടെ കാര്യത്തിൽ ഒട്ടും മോശമല്ലെന്നു തീർച്ച. ഏതായാലും അച്ചൻകുഞ്ഞിന്റെ നർമ്മബോധം നിസ്തുലം തന്നെ. കഴിഞ്ഞ രണ്ടു മാസമായി ഐ.പി.സിയിൽ അരങ്ങു തകർക്കുന്ന അസംബന്ധ നാടകങ്ങൾ കണ്ടിട്ടുള്ളവർക്ക് കുമ്പനാട്ടു നടക്കാൻ പോകുന്നതു വിശുദ്ധ സംഗമം തന്നെ ആണെന്ന കാര്യത്തിൽ സംശയമുണ്ടാകാനിടയില്ല. (ഹൊ, ഈ അച്ചൻകുഞ്ഞിന്റെ ഒരു തമാശ!)

# ‘ഓ’യേ നീ വലിയവനാകുന്നു



ഇംഗ്ലീഷ് ഭാഷയിലെ ‘ഓ’ എന്ന അക്ഷരത്തിന് എന്തെങ്കിലും പ്രത്യേകതയുണ്ടോ? ഉണ്ടെന്നാണ് മഹാപണ്ഡിതനായ അവറാൻ പറയുന്നത്. വിശ്വസിക്കാതെ തരമില്ലല്ലോ. അവറാൻ പറയുന്നതിന്റെ ചുരുക്കം ഇതാണ്: opportunity എന്ന വാക്ക് അമേരിക്കയിലുള്ളവർക്കു വലിയ ഇഷ്ടമാണത്രേ. കാരണം, ഈ വാക്കിന്റെ ആദ്യ അക്ഷരം ‘ഓ’ ആണ്. yesterday എന്ന വാക്കിൽ ‘ഓ’ ഇല്ല. അതുകൊണ്ട് ഇന്നലെ നടന്ന കൺവൻഷനിൽ അനുഗ്രഹമുണ്ടായില്ലെന്നു വരാം. പക്ഷേ today എന്ന വാക്കിൽ ‘ഓ’ ഉണ്ട്. അതുകൊണ്ട് ഇന്നു തീർച്ചയായും അനുഗ്രഹം ഉണ്ടാകും. tomorrow എന്ന വാക്കിൽ മൂന്ന് ‘ഓ’ ഉണ്ട്. അതുകൊണ്ട് വളരെയധികം അനുഗ്രഹമുണ്ടാകും. പിടികിട്ടിയോ?

ഇല്ലെങ്കിൽ അത്ഭുതപ്പെടാനില്ല. ഈ തിയോളജി ഊളമ്പാറിലുള്ള വിശുദ്ധർക്കു മാത്രമേ മനസ്സിലാകൂ. വാക്കിൽ എത്ര ‘ഓ’ ഉണ്ടെന്നതിനനുസരിച്ചാണോ അനുഗ്രഹം വരുന്നത്. ആണെങ്കിൽ Abraham, Issac, David, Jesus, Peter, Paul തുടങ്ങിയവരാരും അനുഗ്രഹിക്കപ്പെട്ടവരല്ല. പക്ഷേ fool ഇരട്ടി അനുഗ്രഹം പ്രാപിച്ചവനാണെന്നും വരും. കാരണം ഫൂൾ എന്ന വാക്കിൽ രണ്ട് ‘ഓ’ ഉണ്ട്. പൊന്നു മാളോരേ, ഇവനെ എത്രയും വേഗം വല്ല കാഴ്ചബംഗ്ലാവിലും ആക്കണം.

# തേവേരി എ. ജി. ‘ഡും’



ടി.ജെ.ശാമുവലിന്റെ സഹോദരിയുടെ മകനും കുപ്രസിദ്ധ വ്യഭിചാരിയുമായ ജോൺസണെ തേവേരി സഭാംഗങ്ങളുടെ സമ്മതം കൂടാതെ തേവേരി സഭയിലേക്കു സ്ഥലം മാറ്റിയതിൽ പ്രതിഷേധിച്ച് തേവേരി സഭയിലെ അംഗങ്ങൾ എ.ജി വിട്ട് ഐ.പി.സിയിൽ ചേർന്നു. ഒരു കുടുംബം മാത്രമേ ഇപ്പോൾ തേവേരി എ.ജിയിൽ അവശേഷിക്കുന്നുള്ളൂ. ജോൺസണെ തങ്ങൾക്കു വേണ്ടെന്നു തേവേരി സഭാംഗങ്ങൾ വ്യക്തമാക്കിയിട്ടും ടി.ജെ. ശാമുവൽ ജോൺസണെ തേവേരിക്കാരുടെ തലയിൽ അടിച്ചേൽപ്പിക്കുകയായിരുന്നു. ജോൺസണെ സ്വീകരിക്കാൻ മറ്റാരും തയ്യാറാകാതിരുന്നതു കൊണ്ടാണ് തേവേരിയിൽ ഈ വ്യഭിചാരിക്ക് താവളമൊരുക്കാൻ ടി.ജെ.ശാമുവൽ തയ്യാറായത്. പക്ഷേ ജോൺസൺ സഭായോഗം നടത്താൻ എത്തിയപ്പോൾ ഒരു കുടുംബം ഒഴികെ ആരും സഭായോഗത്തിനെത്തിയില്ല. അങ്ങനെ ഒരു കുടുംബത്തെ വച്ചു ജോൺസൺ സഭായോഗം നടത്തി വരുകയായിരുന്നു. മൈക്കു വച്ച് ആരാധന നടത്തിയിരുന്നതു കൊണ്ട് വലിയൊരു കൺവൻഷൻ നടക്കുന്ന പ്രതീതി ദേശത്തുണ്ടാക്കാൻ കഴിയുകയും ചെയ്തു. പക്ഷേ ഒരു മാസത്തോളം കാത്തിരുന്നിട്ടും തങ്ങളുടെ അപേക്ഷ സഭാ നേതൃത്വം പരിഗണിക്കാതിരുന്നതിൽ പ്രതിഷേധിച്ച് ഒരു കുടുംബം ഒഴികെയുള്ള എല്ലാവരും നവംബർ 15ന് (ഞായർ) എ.ജി വിട്ട് ഐ.പി.സിയിൽ ചേർന്നു.

യു.കെ. സന്ദർശനം കഴിഞ്ഞു ടി.ജെ.ശാമുവൽ മടങ്ങിയെത്തിയിട്ടും ഈ പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞില്ല എന്നതു ദു:ഖകരമാണ്. തികഞ്ഞ സ്വജനപക്ഷപാതമാണ് എ.ജിയിൽ നടക്കുന്നത്. ടി.ജെ.ശാമുവലിന്റെ സഹോദരിയുടെ മകനായതു കൊണ്ടു മാത്രമാണ് ജോൺസൺ എന്ന വ്യഭിചാരിയെ എ.ജിയിൽ നിന്നു പുറത്താക്കാതിരുന്നത്. അതിന്റെ ഫലമായി എ.ജിക്ക് ഒരു സഭ നഷ്ടമായിരിക്കുന്നു. പക്ഷേ ഏതെങ്കിലും സാധാരണക്കാരനാണ് ജോൺസൺ കാട്ടികൂട്ടിയതൊക്കെ ചെയ്തതെങ്കിൽ എ.ജിയിലെന്നല്ല പെന്തക്കോസ്തിൽ പോലും കാണുമായിരുന്നില്ല.

# കാർട്ടൂണും രാജു നായരും

ഏതാനും വർഷം മുൻപു രാഷ്ട്രദീപികയിലെ കാർട്ടൂൺ സ്ക്കോപ്പിൽ ഒരു വായനക്കാരൻ ഉന്നയിച്ച ചോദ്യവും കാർട്ടൂണിസ്റ്റായ രാജു നായർ അതിനു നൽകിയ മറുപടിയും താഴെ കൊടുക്കുന്നു. കാർട്ടൂൺ വരയ്ക്കുന്നതും അതു പ്രസിദ്ധീകരിക്കുന്നതും പാപമാണെന്നു കരുതുന്നവർ ഇതു വായിക്കുക.

ചോദ്യം:

പരിഹാസം പാപമാണെന്നറിഞ്ഞിട്ടും നേതാക്കളേയും മറ്റും കാർട്ടൂൺ വഴി പരിഹസിക്കുന്ന കാർട്ടൂണിസ്റ്റുകൾ നാളെ പരലോകത്തെത്തിയാൽ ദൈവം അവർക്കെന്തു ശിക്ഷയാകും വിധിക്കുക?

അബുബക്കർ ഫൈറാസി, ചാവക്കാട്

ഉത്തരം:

പരിഹസിച്ചു പവിത്രീകരിക്കുക എന്നതു ഞങ്ങളുടെ ഡ്യൂട്ടിയാകുന്നു. (സ്വന്തം നേട്ടത്തിനായി ഞങ്ങളാരേയും പരിഹസിക്കാറില്ല). കർമ്മത്തിനായി മർമ്മം നോക്കി നർമ്മം പ്രയോഗിക്കുമ്പോൾ അതു ധർമ്മമായി മാറുന്നു. ദൈവം പൊറുക്കുക മാത്രമല്ല, ഒരു ഇംക്രിമെന്റും തരും.

# താണ്ടുവാനുണ്ടു കാതമേറെ

പെന്തക്കോസ്തിൽ പത്രങ്ങൾക്കു പഞ്ഞമില്ല. അക്കൂട്ടത്തിലുള്ള ‘ഒരു’ പത്രം മാത്രമാണു ഡിഫെൻഡറെങ്കിൽ അതിൽ അഭിമാനിക്കാൻ ഒന്നുമില്ല. എന്നാൽ ഡിഫെൻഡർ ‘ഒരു’ പെന്തക്കോസ്ത് പത്രമല്ല, സമാനതകളില്ലാത്ത പെന്തക്കോസ്ത് പത്രമാണ്. ഡിഫെൻഡർ പോലെ മറ്റൊരു പെന്തക്കോസ്ത് പത്രമില്ല. അതാണു ഡിഫെൻഡറിന്റെ സവിശേഷത.

എന്തൊക്കെയാണു ഡിഫെൻഡറിന്റെ സവിശേഷതകൾ? പ്രധാന പ്രത്യേകതകൾ അക്കമിട്ടു നിരത്താം:

1. പ്രസിദ്ധീകരണം ആരംഭിച്ചതു മുതൽ കൃത്യമായി (ഒരു ദിവസം പോലും തെറ്റാതെ) പ്രസിദ്ധീകരിക്കുവാൻ ഡിഫെൻഡറിനു കഴിഞ്ഞു എന്നതാണ് ഏറ്റവും പ്രധാന പ്രത്യേകത. മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ ഡിഫെൻഡർ പ്രസിദ്ധീകരിച്ചിരുന്ന കാലത്ത് എല്ലാ മാസവും 10-ാം തീയതി ഡിഫെൻഡർ പുറത്തിറങ്ങിയിരുന്നു. ഡിഫെൻഡർ ദ്വൈവാരികയായശേഷം 1, 16 തീയതികളിൽ കൃത്യമായി പത്രം പുറത്തിറങ്ങുന്നു. ഒരു ലക്കം പോലും മുടങ്ങിയിട്ടില്ല. ഒരു ദിവസം പോലും താമസിച്ചിട്ടുമില്ല.
2. ഭൂരിപക്ഷം പത്രങ്ങൾക്കും പത്രാധിപസമിതിയുടെ ഭാരമുണ്ട്. പക്ഷേ ഡിഫെൻഡറിന് ഇത്തരമൊരു അജഗളസ്തനമില്ല.
3. ആദ്യ കാലങ്ങളിൽ ഡിഫെൻഡറിലും പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. ഒരിക്കൽ ഒരു സപ്ലിമെന്റും പ്രസിദ്ധീകരിച്ചു. പക്ഷേ ഡിഫെൻഡറിന്റെ നിഷ്പക്ഷതയ്ക്ക് ഇതൊക്കെ തടസ്സമാകുമെന്നു ബോദ്ധ്യമായതോടെ ഈ പരിപാടി അവസാനിപ്പിച്ചു. ഡിഫെൻഡർ പണം വാങ്ങി പരസ്യമിടുകയോ സപ്ലിമെന്റ് പ്രസിദ്ധീകരിക്കുകയോ ചെയ്യുകയില്ല.
4. ഡിഫെൻഡറിനു മുഖപക്ഷമില്ല എന്നതും എടുത്തു പറയേണ്ട പ്രത്യേകതയാണ്. രാഷ്ട്രീയക്കളികളിൽ ഡിഫെൻഡർ പക്ഷം പിടിക്കാറുമില്ല. ദുരുപദേശം, ദുർന്നടപടികൾ, അധികാരമോഹം, ദ്രവ്യാഗ്രഹം, വിവിധതരം തട്ടിപ്പുകൾ തുടങ്ങിയതൊക്ക പെന്തക്കോസ്തിലുണ്ട്. ഇവയ്ക്കെല്ലാം എതിരെ ഡിഫെൻഡർ മുഖപക്ഷമില്ലാതെ പ്രതികരിക്കുന്നു.
5. ഡിഫെൻഡറിനു ഭയമില്ല. അതുകൊണ്ട് ഏതു കൊലകൊമ്പനെതിരേയും എഴുതാൻ കഴിയുന്നു. ഏറ്റവും വലിയ പെന്തക്കോസ്തിന്റെ ഏറ്റവും വലിയ നേതാവായ റ്റി.എസ്.ഏബ്രഹാം മുതൽ ലോക്കൽ വ്യഭിചാരികൾ വരെയുള്ളവർക്കെതിരെ ഡിഫെൻഡർ എഴുതിയിട്ടുണ്ട്. എഴുതുകയും ചെയ്യും.
6. മറ്റു പെന്തക്കോസ്ത് പത്രങ്ങളിൽ പതിവായി കാണുന്ന കൺവൻഷൻ വാർത്തകൾ, ഭാരവാഹി ലിസ്റ്റ് തുടങ്ങിയ ബോറുകളൊന്നും ഡിഫെൻഡറിലില്ല. മറ്റു പത്രങ്ങൾ പറയാൻ മടിക്കുന്ന വാർത്തകളാണു ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുന്നത്.
7. പെന്തക്കോസ്തിൽ വിലസുന്ന കള്ളൻമാർ, കള്ളപ്രവാചകൻമാർ, വ്യഭിചാരികൾ, ദുരുപദേശക്കാർ തുടങ്ങിയവർക്കെതിരെ മറ്റു പത്രങ്ങൾ പ്രതികരിക്കാറില്ല. പക്ഷേ ഡിഫെൻഡർ ഇത്തരക്കാരുടെ പേരും വിലാസവും ഫോട്ടോയും സഹിതം വാർത്ത പ്രസിദ്ധീകരിക്കുന്നു.
8. ഡിഫെൻഡറിന്റെ ഭാഷയും പ്രത്യേകതയുള്ളതാണ്. കപട ആത്മീയതയുടെ ഭാഗമായ കൃത്രിമങ്ങളൊന്നും ഡിഫെൻഡറിന്റെ ഭാഷയിലില്ല. പട്ടിയെ പട്ടിയെന്നും പന്നിയെ പന്നിയെന്നും ഡിഫെൻഡർ വിളിക്കുന്നു.
9. ഡിഫെൻഡറിന്റെ മുഖ്യ എഴുത്തുകാരൻ പത്രാധിപരായ റ്റി.എസ്.ബാലൻ തന്നെയാണ്. വളരെ അപൂർവ്വമായി മാത്രമേ മറ്റുള്ളവരുടെ ലേഖനങ്ങൾ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കാറുള്ളൂ.
10. ഡിഫെൻഡർ ഡി.റ്റി.പി ചെയ്യുന്നതും ഡിസൈൻ ചെയ്യുന്നതും പത്രാധിപർ തന്നെ. ലേഖനങ്ങൾ എഴുതിയശേഷം ടൈപ്പ് ചെയ്യുന്ന പരിപാടിയുമില്ല.
11. പേജുകളുടെ എണ്ണത്തിൽ കൃത്യത പാലിക്കാനും ഡിഫെൻഡർ ശ്രദ്ധിക്കുന്നു. ആദ്യകാലത്ത് നാലു പേജ് മാത്രമാണ് ഉണ്ടായിരുന്നത്. ദ്വൈവാരികയായശേഷം ഓരോ ലക്കത്തിലും എട്ടുപേജ്. ഓരോ ലക്കത്തിലും ഓരോ വിധത്തിൽ എന്ന സ്ഥിതിയില്ല.
12. ദൈവശാസ്ത്രപരമായ വിഷയങ്ങളേക്കുറിച്ചുള്ള സംശയങ്ങൾ പത്രാധിപരോടു ചോദിക്കാനുള്ള സൗകര്യം മറ്റൊരു പെന്തക്കോസ്ത് പത്രത്തിലുമില്ല. ചോദ്യങ്ങൾക്കു മറുപടി പറയാനുള്ള വചന പരിജ്ഞാനം പത്രാധിപൻമാർക്കില്ല എന്നതുതന്നെ കാരണം. (പിണങ്ങല്ലേ).
13. പത്രപ്രവർത്തനത്തിലും ദൈവശാസ്ത്രത്തിലും മാസ്റ്റർ ഡിഗ്രിയുള്ള ഏക പെന്തക്കോസ്ത് പത്രാധിപർ റ്റി.എസ്.ബാലനാണ് എന്ന വസ്തുത അഭിമാനത്തോടെ (അഹങ്കാരത്തോടെയല്ല, ട്ടോ) പറയട്ടെ.
14. മിക്ക പെന്തക്കോസ്ത് പത്രങ്ങൾക്കും ഇപ്പോൾ വെബ്സൈറ്റുണ്ട്. പക്ഷേ കൃത്യമായി അപ്ഡേറ്റ് ചെയ്യാറില്ല. ഈ വിഷയത്തിലും ഡിഫെൻഡർ സമാനതകളില്ലാത്ത പത്രമാണ്. എല്ലാ മാസവും 1, 16 തീയതികളിൽ ഡിഫെൻഡർ കൃത്യമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. കൂടാതെ, പ്രധാന വാർത്തകൾ, ലഭിക്കുന്ന മുറയ്ക്ക്, അപ്ഡേറ്റ് ചെയ്യുന്നുമുണ്ട്.
15. ഏറ്റവും അധികം പ്രചാരമുള്ള പെന്തക്കോസ്ത് വെബ്സൈറ്റ് ഡിഫെൻഡറിന്റേതാണ്. ഡിഫെൻഡറിനു രണ്ടു വെബ്സൈറ്റുകളുണ്ടെന്നതും ഒരു പ്രത്യേകതതന്നെ.

www.tsbalan.com
www.tsbalan.org

ഇപ്പോൾ മാസം തോറും ഒരു ലക്ഷത്തിൽ അധികം സന്ദർശകർ ഡിഫെൻഡറിന്റെ വെബ്സൈറ്റ് സന്ദർശിക്കുന്നുണ്ട്. ഈ സംഖ്യ അനുദിനം വർദ്ധിച്ചു വരുകയുമാണ്. അമേരിക്കയിൽ നിന്നുള്ള സന്ദർശകരാണ് പകുതിയിലധികവും. ഗൾഫ് രാജ്യങ്ങൾക്കാണു രണ്ടാം സ്ഥാനം. ഇന്ത്യയാണു മൂന്നാമത്.

16. മറ്റു പത്രങ്ങൾ കിട്ടിയാലുടൻ തലക്കെട്ടുകൾ വായിക്കുകയും രണ്ടോ മൂന്നോ ഐറ്റം മാത്രം മുഴുവനായി വായിക്കുകയുമാണു മിക്കവരും ചെയ്യുന്നത്. പക്ഷേ ഡിഫെൻഡർ വായിക്കുന്നത് ഈ വിധത്തിലല്ല. ആദ്യം മുതൽ അവസാനം വരെ എല്ലാം വായിക്കുകയാണ് ഭൂരിപക്ഷം ആളുകളും ചെയ്യുന്നത്.
17. അക്ഷരത്തെറ്റുകൾ ഏറ്റവും കുറവുള്ള പത്രവും ഡിഫെൻഡർ തന്നെ. വ്യാകരണപ്പിശകുകളും വളരെ കുറവാണ്.
18. ഏറ്റവും അധികം കേസ്സുകളിൽ പ്രതിയായിട്ടുള്ള പെന്തക്കോസ്ത് പത്രം ഡിഫെൻഡറാണ്. കേസ്സിൽ പ്രതിയാകുന്നതു നാണക്കേടാണെന്നു കരുതുന്നവരുണ്ടാകാം. പക്ഷേ പഴയനിയമത്തിലെ പ്രവാചകൻമാരും യോഹന്നാൻ സ്നാപകനും കർത്താവും ശിഷ്യൻമാരും ഒക്കെ കേസ്സുകളിൽ പ്രതികളായി. മിക്കവരും ശിക്ഷിക്കപ്പെടുകയും ചെയ്തു. സത്യം തുറന്നു പറയാൻ ധൈര്യം കാണിക്കുന്നവരുടെയെല്ലാം ഗതി ഇതുതന്നെ.
19. സ്വന്തമായി ഇന്റർനെറ്റ് റേഡിയോ സ്റ്റേഷനുള്ള ഏക പെന്തക്കോസ്ത് പത്രം ഡിഫെൻഡറാണ്. റേഡിയോ സ്റ്റേഷനിലൂടെ സുവിശേഷീകരണത്തിൽ പങ്കുചേരാൻ ഡിഫെൻഡറിനു കഴിയുന്നു. കഴിഞ്ഞവർഷം ഈ സമയത്തുണ്ടായിരുന്നതിന്റെ 10 ഇരട്ടി ശ്രോതാക്കൾ ഇപ്പോൾ ഡിഫെൻഡറിന്റെ റേഡിയോയ്ക്കുണ്ട് എന്നതും ശ്രദ്ധേയമായ നേട്ടമാണ്. (www.thebibleradio.com)
20. ഡിഫെൻഡറിന്റെ 2003 സെപ്റ്റംബർ മുതലുള്ള പഴയ ലക്കങ്ങൾ ഇന്റർനെറ്റിൽ ലഭ്യമാണ്. മറ്റൊരു പെന്തക്കോസ്ത് പത്രത്തിനും അവകാശപ്പെടാനാവാത്ത നേട്ടമാണിത്.
21. ഡിഫെൻഡറിന്റെ വെബ്സൈറ്റിന് പ്രത്യേകം ടൂൾ ബാറുണ്ട്. ഈ ടൂൾ ബാർ ഇൻസ്റ്റാൾ ചെയ്യുന്നവർക്ക് ഡിഫെൻഡറിൽ നിന്നുള്ള പ്രത്യേക മെസേജുകൾ ലഭിക്കുന്നതാണ്. പുതിയ വാർത്തകൾ അപ്ലോഡ് ചെയ്താലുടൻ അറിയിപ്പു ലഭിക്കും.
22. ഡിഫെൻഡറിന് വ്യക്തമായ വിശ്വാസപ്രമാണമുണ്ട്. അതു ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. അതുകൊണ്ടു ഡിഫെൻഡർ പ്രചരിപ്പിക്കുന്ന ഉപദേശം എന്താണെന്നു വായനക്കാർക്കു മനസ്സിലാക്കാൻ കഴിയുന്നു.
23. ഡിഫെൻഡറിനു യൂട്യൂബിൽ ഒരു വീഡിയോ ശേഖരമുണ്ട്. വസ്തുതകൾ നേരിട്ടു കണ്ട് ബോദ്ധ്യപ്പെടാൻ ഇതു സഹായകമാകുന്നുണ്ട്.
24. പെന്തക്കോസ്തിലെ കള്ളൻമാരേക്കുറിച്ചു വായനക്കാർക്കു മുന്നറിയിപ്പു കൊടുക്കുന്ന ഒരു വെബ്സൈറ്റ് ഡിഫെൻഡർ നിർമ്മിച്ചിട്ടുണ്ട്. വിദേശത്തു സന്ദർശകരായെത്തുന്നവർ ഏതു തരക്കാരാണെന്നു തിരിച്ചറിയാൻ ഇതു സഹായകമാകും. (fraud.name)
25. സാമച്ചൻ, ദേവസ്യ മുല്ലക്കര എന്നിവരേക്കുറിച്ചു മുന്നറിയിപ്പു കൊടുക്കാനായി ഡിഫെൻഡർ പ്രത്യേക വെബ്സൈറ്റ് ഉണ്ടാക്കിയിട്ടുമുണ്ട്. വിലാസങ്ങൾ:

www.devasiamullakkara.com
www.divineworshippers.org

ഡിഫെൻഡറിനു മാത്രം അവകാശപ്പെടാനാവുന്ന പ്രത്യേകതകളേക്കുറിച്ചാണ് ഇതുവരെ പറഞ്ഞത്. എന്നാൽ ഡിഫെൻഡറിന്റെ പ്രവർത്തനത്തോടൊപ്പം റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ചെയ്തു കഴിഞ്ഞതും ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ ചില കാര്യങ്ങളേക്കുറിച്ചുകൂടി വിവരിക്കുവാൻ താത്പര്യമുണ്ട്.

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ 100 മണിക്കൂർ ദൈർഘ്യമുള്ള ബൈബിൾ പഠന പരമ്പര മൂന്നു വർഷം മുൻപു പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. ഈ സിഡികൾ ഇപ്പോഴും നല്ല നിലയിൽ വിറ്റുവരുന്നു.
2. പുതിയനിയമത്തിൽ നിന്നു 100 പ്രസംഗങ്ങൾ എന്ന പേരിൽ 100 മണിക്കൂർ ദൈർഘ്യമുള്ള പ്രസംഗങ്ങൾ 10 സിഡികളിലായി പുറത്തിറക്കാൻ കഴിഞ്ഞു. ഈ സി.ഡികളും അനേകർക്കു പ്രയോജനപ്പെട്ടുകൊണ്ടിരിക്കുന്നു.
3. ദൈവവചനം പഠിക്കുന്നവർക്കു സഹായകമാകുന്ന 1500ൽ അധികം പ്രാചീന ഗ്രന്ഥങ്ങളുടെ സമാഹാരം 40 സി.ഡികളിലായി പി.ഡി.എഫ് ഫോർമാറ്റിൽ വിതരണം ചെയ്തുവരുന്നു. ഈ സി.ഡികളും അനേകർക്കു പ്രയോജനമായിക്കഴിഞ്ഞു.
4. ‘മരിച്ചവർ എവിടെ’ എന്ന പുസ്തകം അച്ചടിച്ചെലവു മാത്രം ഈടാക്കി വിറ്റുവരുന്നു. അനേകരെ രക്ഷയിലേക്കു നയിക്കുവാൻ ഈ പുസ്തകം കാരണമായി എന്ന് അറിയാൻ കഴിഞ്ഞു.
5. മരിച്ചവർ എവിടെ, പ്രജാപതി ക്രിസ്തുവല്ല, നാഗാലാന്റ് സ്മരണകൾ, ബ്രൻഹാമിന്റെ ദുരുപദേശങ്ങൾ എന്നീ പുസ്തകങ്ങൾ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിലൂടെ തികച്ചും സൗജന്യമായി വിതരണം ചെയ്തുവരുന്നു.
6. സഭകൾ, സുവിശേഷ സംഘടനകൾ, പത്രങ്ങൾ തുടങ്ങിയവയ്ക്കു വളരെ കുറഞ്ഞ ചെലവിൽ വെബ്സൈറ്റ് ഉണ്ടാക്കി കൊടുക്കാനും ഞങ്ങൾക്കു കഴിയുന്നു.
7. ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കാൻ ആവശ്യമായ എല്ലാ സഹായങ്ങളും ഡിഫെൻഡർ ചെയ്തുകൊടുക്കുന്നുണ്ട്.

ഈ വിധത്തിലുള്ള കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശ്യമുണ്ട്. ഇതോടുള്ള ബന്ധത്തിൽ ചില പദ്ധതികളും ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ദൈവമക്കളുടെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി ഇതേപ്പറ്റി വിശദീകരിക്കാം.

1. റ്റി.എസ്.ബാലന്റെ ചില പുസ്തകങ്ങൾ കൂടി പി.ഡി.എഫ് ഫോർമാറ്റിലാക്കി ഇന്റർനെറ്റിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.
2. പുതിയ ചില പുസ്തകങ്ങൾ എഴുതാൻ പദ്ധതിയുണ്ട്. അതിന് ആവശ്യമായ ബുദ്ധിയും ശക്തിയും ലഭിക്കാൻ പ്രാർത്ഥിക്കുക.
3. പുതിയനിയമത്തിൽ നിന്നു 100 പ്രസംഗങ്ങൾ ഉണ്ടാക്കിയതു പോലെ പഴയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കയാണ്. അത് യഥാസമയം ചെയ്തുതീർക്കാൻ നിങ്ങളുടെ പ്രാർത്ഥന ആവശ്യമാണ്.
4. കർത്താവായ യേശുക്രിസ്തുവിന്റെ ജീവിതത്തെ ആധാരമാക്കി 100 പ്രസംഗങ്ങൾ തയ്യാറാക്കണമെന്ന് ആഗ്രഹമുണ്ട്. ഈ പദ്ധതി നടപ്പിലാകണമെങ്കിൽ ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം.
5. ദൈവശാസ്ത്ര പഠനത്തിന് ഉതകുന്ന 1000ൽ അധികം പുസ്തകങ്ങൾ പി.ഡി.എഫ് ഫോർമാറ്റിൽ 10 സി.ഡികളിലായി തയ്യാറാക്കി വരുന്നു. ഈ പുസ്തകങ്ങൾ തരം തിരിക്കാനും ക്രമമായി അടുക്കാനും വലിയ അദ്ധ്വാനം ആവശ്യമാണ്. ദൈവജനം പ്രാർത്ഥിക്കണം.
6. ബൈബിൾ ടൂൾസ് എന്ന പേരിൽ ഇംഗ്ലീഷിലും മലയാളത്തിലും വെബ്സൈറ്റ് ഉണ്ടാക്കാനുള്ള പദ്ധതി തയ്യാറാക്കിവരുന്നു. ബൈബിൾ പഠനത്തിന് ആവശ്യമായ പുസ്തകങ്ങളും മറ്റു വിഭവങ്ങളും ഒരു വെബ്സൈറ്റിൽ ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യം. ഈ പദ്ധതിയുമായി സഹകരിക്കുവാൻ താത്പര്യമുള്ളവർ ദയവായി ബന്ധപ്പെടുക.
7. ഇന്റർനെറ്റിലുള്ള വിക്കിപീഡിയ പോലെ ഒരു വെബ്സൈറ്റ് ഉണ്ടാക്കാനും പദ്ധതിയുണ്ട്. പ്രധാന ലോകമതങ്ങൾ, തത്ത്വശാസ്ത്രങ്ങൾ തുടങ്ങിയവയേക്കുറിച്ചെല്ലാം വിവരം നൽകുന്ന ഒരു ഇന്റർനെറ്റ് വിജ്ഞാനകോശമാണു പദ്ധതിയിലുള്ളത്. ഈ വെബ്സൈറ്റിലേക്കു ലേഖനങ്ങളും മറ്റു വിഭവങ്ങളും ആവശ്യമുണ്ട്. സഹകരിക്കാൻ താല്പര്യമുള്ളവർ ദയവായി ബന്ധപ്പെടുക.

ഇങ്ങനെ പലതും ചെയ്യാൻ ഈയുള്ളവന് ആഗ്രഹമുണ്ട്. പക്ഷേ എന്തൊക്കെ നടക്കുമെന്നു നിശ്ചയമില്ല. ആഗ്രഹിക്കുന്നതിനു ബുദ്ധിമുട്ടില്ലാത്തതുകൊണ്ട് ഇങ്ങനെയൊക്കെ ആഗ്രഹിച്ചുപോകുന്നു എന്നുമാത്രം.

ആത്മാവ് ഒരുക്കമുള്ളതെങ്കിലും ജഡം ബലഹീനമത്രേ എന്നു പറഞ്ഞത് എന്നെ സംബന്ധിച്ചു തികച്ചും ശരിയാണ്. അധികം സമയം ഇരിക്കാൻ പോലുമുള്ള ആരോഗ്യം എനിക്കില്ല. വലിയൊരു കുംടുംബം പുലർത്തേണ്ടതുണ്ട്. വാടക, വിവിധതരം ബില്ലുകൾ, കുട്ടികളുടെ വിദ്യാഭ്യാസം, വീട്ടുചെലവുകൾ തുടങ്ങിയവയ്ക്കുള്ള പണവും ഉണ്ടാക്കണം. ഡിഫെൻഡർ ഇറക്കാനും വേണം പണം. ദുർബ്ബലമായ ഒരു ശരീരം മാത്രമാണ് എനിക്കു കൈമുതലായുള്ളത്. അതുപയോഗിച്ച് അദ്ധ്വാനിക്കുന്നുണ്ടെങ്കിലും എങ്ങുമെത്തുന്നില്ല. എടുത്താൽ പൊങ്ങാത്തത്ര വലിയൊരു കടവുമുണ്ട്. എന്നിട്ടും പല പദ്ധതികളും തയ്യാറാകുന്നു. അവയൊക്കെ നടന്നുകാണാൻ ആഗ്രഹിക്കുന്നു. അതിമോഹമാണോ എന്നൊരു സംശയം.

Miles to go before I sleep എന്നു കവി പറഞ്ഞു. പക്ഷേ എന്റെ മുൻപിൽ ഏറെദൂരം അവശേഷിക്കുന്നില്ല എന്ന വസ്തുത എനിക്കറിയാം. യാത്ര അവസാനിക്കുവാൻ അര നാഴിക മാത്രം ബാക്കിയുള്ളവനാണു റ്റി.എസ്.ബാലൻ. ഇനി എനിക്കു ചെയ്തുതീർക്കാവുന്നതിന് ഒരു പരിധിയുണ്ട്. പക്ഷേ അതിന്റെ പല മടങ്ങു പദ്ധതികളുണ്ടു മനസ്സിൽ. കഴിയുന്നത്ര ചെയ്തു തീർക്കാം. ബാക്കി വരുന്നത് മറ്റാരെങ്കിലും ചെയ്യട്ടെ. Thousands at his bidding speed എന്നാണല്ലോ മിൽട്ടൻ പറഞ്ഞത്. റ്റി.എസ്. ബാലൻ ഇല്ലാതായെന്നുകരുതി ദൈവത്തിന്റെ വേലയ്ക്കു മുടക്കം വരുകയില്ല.

## ജീവപുസ്തകവും ഡിഫെൻഡറും

ജീവപുസ്തകവും ഡിഫെൻഡറും തമ്മിൽ എന്തു ബന്ധം? പ്രത്യക്ഷത്തിൽ ബന്ധമൊന്നുമില്ല. പക്ഷേ ഒരു കൺവൻഷൻ പ്രസംഗകൻ ഈയിടെ ഒരു ബന്ധം കണ്ടുപിടിച്ചു. സംഗതി ശരിയാണെന്നു സമ്മതിക്കാതെ വയ്യ. അദ്ദേഹം പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

‘‘രണ്ടു കാര്യങ്ങൾ നാം ഉറപ്പാക്കാൻ ശ്രദ്ധിക്കണം: ജീവ പുസ്തകത്തിൽ പേരുണ്ടെന്നും ഡിഫെൻഡറിൽ പേരു വരുന്നില്ലെന്നും.’’

RNI No. 68089 / 97
2009 December 1

THE DEFENDER

REGISTERED
KL/ALY/0031/2009-11

# രാജന്റെ ഇതിഹാസം: ഒരു തുടർക്കഥ

ദൈവമക്കൾ ഭൂമിയുടെ ഉപ്പാണ്. പക്ഷേ കാരമില്ലാത്ത ഉപ്പ് നിലത്തിട്ടു ചവിട്ടാനല്ലാതെ മറ്റൊന്നിനും കൊള്ളില്ല. വിശുദ്ധജീവിതം നയിക്കാൻ ബാധ്യസ്ഥരായ ദൈവമക്കൾ അശുദ്ധിയിലേക്കു തിരിഞ്ഞാൽ എത്ര ഹീനമായ പാപവും ചെയ്യും. രാജൻ തറയശ്ശേരി എന്ന രാജൻ റ്റി. ജോർജ് തന്നെ നല്ല ഉദാഹരണം.

പെന്തക്കോസ്ത് വിശ്വാസത്തിനായി ആദ്യകാലത്തുതന്നെ ഇറങ്ങിത്തിരിച്ച ഒരു കുടുംബത്തിലെ അംഗമാണ് ഇയാൾ. മാനംമര്യാദയ്ക്കു ജീവിക്കുന്നതിനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ടെങ്കിലും രാജൻ എല്ലാ അർത്ഥത്തിലും തറയായി. പണമുണ്ടാക്കാൻ വേണ്ടി ഇയാൾ നടത്തിയ ഹീനകൃത്യങ്ങളേക്കുറിച്ച് പറയാൻ ലജ്ജ തോന്നുന്നു. ആഭാസൻമാർ പോലും ചെയ്യാൻ അറെയ്ക്കുന്ന പ്രവൃത്തികളാണ് ഇവൻ ചെയ്തത്. മേലുദ്യോഗസ്ഥർക്കു മാമ്മാപ്പണി ചെയ്യുക മാത്രമല്ല ഈ രംഗത്ത് എത്രത്തോളം തരം താഴാൻ കഴിയുമോ അത്രത്തോളം ഇയാൾ ചെയ്തു എന്നു മാത്രം പറഞ്ഞുകൊണ്ട് ആ വിഷയം വിടുന്നു. കൂടുതൽ പറഞ്ഞാൽ അത് ഇയാളുടെ തലമുറയേപ്പോലും ബാധിക്കും. തികച്ചും ആവശ്യം വന്നാൽ മാത്രം അതു പറയാം. അതിനിടയാക്കാതിരിക്കയാണു നല്ലത്.

പിമ്പിങ്ങും കൈക്കൂലിയും മറ്റും സ്ഥിരം തൊഴിലാക്കിയ രാജനു പണക്കാരനാകാൻ വലിയ ബുദ്ധിമുട്ടുണ്ടായില്ല. പണം ഉള്ളവർക്കു പെന്തക്കോസ്തിൽ എന്തും നേടാമല്ലോ. അങ്ങനെ രാജൻ പലതും നേടി. അതേപ്പറ്റി പിന്നീടു വിശദീകരിക്കാം.

രാജൻ എം.സി.സിയുടെ സെക്രട്ടറി ആയപ്പോൾ പാസ്റ്റർ കെ.ജെ.ജോർജ് എന്തുകൊണ്ട് എം.സി.സിയുമായി നിസ്സഹകരിക്കുവാൻ തീരുമാനിച്ചു? ഇതുമായി ബന്ധപ്പെട്ടുള്ള വിശദ വിവരങ്ങൾ ഡിഫെൻഡർ ശേഖരിച്ചു. ആഭാസൻമാർ പോലും ചെയ്യാനറെയ്ക്കുന്ന ഹീനകൃത്യങ്ങളാണു രാജൻ ചെയ്തുകൂട്ടിയിട്ടുള്ളതെന്നും ഇങ്ങനെയൊരാൾ എം.സി.സിയുടെ സെക്രട്ടറി ആയിരിക്കുന്നതു ശരിയല്ല എന്നതുകൊണ്ടാണു പാസ്റ്റർ കെ.ജെ.ജോർജ് വിട്ടു നിൽക്കാൻ തീരുമാനിച്ചതെന്നും വ്യക്തമായി. ഈ തീരുമാനം തികച്ചും ഉചിതമായിരുന്നു എന്നു പറയാതെവയ്യ.

എന്താണു രാജൻ ചെയ്തത് എന്ന സംശയമുണ്ടാകാം. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ വശീകരിച്ച് ദുഷ്ക്കാമപൂരണത്തിന് ഉപയോഗിക്കുന്ന പരമ നീചനാണ് രാജൻ. ഇത്തരം നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. അവയിൽ ഒരെണ്ണം പറയാം.

അബുദാബിയിലുള്ള ഒരു സഹോദരന്റെ കുടുംബവുമായി രാജൻ അടുത്ത ബന്ധം പുലർത്തിയിരുന്നു. ആ കുടുംബത്തിലുള്ള ഒരു പെൺകുട്ടിയുമായി രാജൻ നിരന്തരം ഫോണിൽ സംസാരിക്കുന്നതു പിതാവിന്റെ ശ്രദ്ധയിൽ പെട്ടു. രാജന്റെ മക്കളുടെ പ്രായമേ ആ പെൺകുട്ടി



ക്കുള്ളൂ. അതുകൊണ്ട് ഈ നടപടിയിൽ എന്തെങ്കിലും പ്രശ്നമുള്ളതായി ആദ്യമൊന്നും തോന്നിയില്ല. പക്ഷേ ഫോൺ വിളി അതിരു കടന്നപ്പോൾ ആ പിതാവ് മകളുടെ മൊബൈൽ ഫോൺ പരിശോധിച്ചു. രാജൻ അയച്ച നിരവധി എസ്.എം.എസ്സുകൾ ആ മൊബൈലിൽ ഉണ്ടായിരുന്നു. അതൊക്കെ വായിച്ചതോടെ ആ പിതാവു തകർന്നുപോയി. ഉയർന്ന ആത്മീയ നിലവാരം പുലർത്തുന്നവനെന്ന പരിഗണനയിൽ രാജന് അടുത്തിടപഴകാൻ അനുവാദം നൽകിയതു തെറ്റായിപ്പോയി എന്ന് ആ പിതാവിനു മനസ്സിലായി. സംശയം തീർക്കാൻ മകളുടെ ഈമെയിലും ആ പിതാവു പരിശോധിച്ചു. സംശയം അസ്ഥാനത്തായില്ല. രാജൻ അയച്ച നിരവധി ഈമെയിലുകൾ മകളുടെ ഇൻബോക്സിൽ കണ്ടു. എസ്.എം.എസ്സിൽ കണ്ടതിലും ഹീനമായ കാര്യങ്ങളാണ് ഈമെയിലിൽ രാജൻ എഴുതി വിട്ടിരിക്കുന്നത്. ഈ പ്രശ്നം അവഗണിക്കാൻ ആ പിതാവിനു കഴിഞ്ഞില്ല. അദ്ദേഹം തന്റെ വീട്ടിലെ ലാന്റ് ഫോണിന് ഒരു സമാന്തര ലൈൻ ഘടിപ്പിച്ചശേഷം മകളേക്കൊണ്ട് രാജനു മിസ്സ്ഡ് കോൾ അടിപ്പിച്ചു. ഉടൻ രാജൻ തിരിച്ചു വിളിച്ചു. പെൺകുട്ടിയുടെ ശബ്ദം ഫോണിൽ കേട്ടതോടെ രാജനു സന്തോഷമായി. സമാന്തര ലൈനിലൂടെ മാതാപിതാക്കൾ സംഭാഷണം കേൾക്കുന്നുണ്ടെന്ന വസ്തുത മനസ്സിലാക്കാതെ രാജൻ വാത്സ്യായനകലയുടെ ആഴങ്ങളിലേക്കിറങ്ങി. ഒടുവിൽ ആ മാതാപിതാക്കൾ നാണംകെട്ടു ഫോൺ കട്ടുചെയ്തു.

രാജൻ എം.സി.ചാക്കോയുടെ സഭയിലെ വിശ്വാസിയാണ്. (ഇത്തവണത്തെ ഐ.പി.സി ജനറൽ ഇലക്ഷനിൽ വൈസ് പ്രസിഡന്റായി മത്സരിച്ച് റിക്കാഡ് പരാജയം ഏറ്റുവാങ്ങിയ എം.സി.ചാക്കോയുടെ കാര്യമാണു പറഞ്ഞു വരുന്നത്.) രാജനെതിരെയുള്ള തെളിവുകളുമായി മാതാപിതാക്കൾ എം.സി.ചാക്കോയെ സമീപിച്ചു. പക്ഷേ എം.സി.ചാക്കോ ശരിക്കുള്ള പോലീസിന്റെ സ്വഭാവം കാണിച്ചു. വാദിയെ പ്രതിയാക്കി. രാജൻ പരമ വിശുദ്ധനാണെന്നും ഈ പെൺകുട്ടി രാജനെ വശീകരിച്ചതാണു കുഴപ്പമെന്നും എം.സി.ചാക്കോ പറഞ്ഞു. നടപടി എടുക്കേണ്ടത് രാജനെതിരായല്ല ആ പെൺകുട്ടിക്കും മാതാപിതാക്കൾക്കും എതിരായിട്ടാണത്രേ. ഇത്തരമൊരു മറുപടി അവർ പ്രതീക്ഷിച്ചതല്ല. എന്തിനേറെ പറയുന്നു, അവർ മകളെ നാട്ടിലേയ്ക്കയച്ചു. അങ്ങനെ ആ പെൺകുട്ടി ഈ നീചന്റെ കൈയിൽ നിന്ന് ഒരു വിധത്തിൽ രക്ഷപ്പെട്ടു.

ഇത് ഒരു സാമ്പിൾ മാത്രം. ഇങ്ങനെയുള്ള നിരവധി സംഭവങ്ങളുണ്ട്. അവയേപ്പറ്റി തുടർന്നുള്ള ലക്കങ്ങളിൽ വിശദീകരിക്കാം.

രാജൻ ചെയ്തതു ഗുരുതരമായ തെറ്റാണെന്നതിനു സംശയമില്ല. പക്ഷേ പരാതിയുമായി ചെന്ന മാതാപിതാക്കളോടു പോലീസ് ചാക്കോ ഇടപെട്ട രീതി അങ്ങേയറ്റം ഹീനമായിപ്പോയി. എന്തുകൊണ്ട് ഈ പരമ നാ... നല്ലവൻ ഇങ്ങനെ ചെയ്തു? കാരണമുണ്ട്. രാജനെതിരെ നടപടി എടുത്താൽ രാജൻ കോപിക്കും. രാജൻ കോപിച്ചാൽ പോലീസ് ചാക്കോയുടെ പഴയ കഥകളെല്ലാം രാജൻ വിളിച്ചു പറയും. അതുകൊണ്ടാണ് പോലീസ് ചാക്കോ വാദിയെ പ്രതിയാക്കിയത്.

പോലീസ് ചാക്കോയ്ക്ക് ഇത്ര വലിയ സീക്രട്ട്സ് എന്താണുള്ളത് എന്നു ചോദിച്ചേക്കാം. ഇമ്മിണി കഥകളുണ്ട് എന്നു മാത്രം ഇപ്പോൾ പറയാം. ഇയാൾക്കു മാത്രമല്ല ഇപ്പോൾ രാജനോടൊപ്പമുള്ളവർക്കും കുറെ കഥകളുണ്ട്. സാഹിത്യകാരൻ പെൺകുട്ടിയെ മടിയിലിരുത്തിയ കഥ, ചുമ്മാനേഴ്സുമായുള്ള കലാപരിപാടി, എയർ ഇന്ത്യൻ ബന്ധം, മറ്റൊരു ചങ്ങാതിയുടെ ഫിലിപ്പിനോ സുന്ദരി കണക്ഷൻ തുടങ്ങി പലതുമുണ്ട്. അതൊക്കെ പിന്നാലെ വിശദമായി പറയാം.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.

സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ സ്പീഡ് പോസ്റ്റിൽ അയയ്ക്കുന്നതാണ്. ഏതെങ്കിലും ഒരു സെറ്റ് - US$ 50 or Rs.2000/-. രണ്ടു സെറ്റുകളും ചേർത്ത്- US$ 100 or Rs.4000/-. പോസ്റ്റേജ് സൗജന്യം. യു.എ.ഇ., സൗദി എന്നീ ഗൾഫ് രാജ്യങ്ങളിൽ സി.ഡി നേരിട്ട് എത്തിച്ചുകൊടുക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. ബഹ്റിൻ: ബ്രദർ ആൻഡ്രൂസ്: Ph-39892236. മറ്റ് ഗൾഫ് രാജ്യങ്ങളിലുള്ളവർ വിലയും ഇന്ത്യയിലെ അഡ്രസ്സും അയയ്ക്കുക.

വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക.

പ്രത്യേക ശ്രദ്ധക്ക്: ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡി.ഡി അയയ്ക്കരുത്. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by Anish Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist., Kerala. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala. Published at Anand Bhavan, Near: KSRTC, Perumbavoor. P.O., Ernakulam Dist. Kerala. Editor: Anish Balan